www.societytodaynews.com

2024 OCTOBER
01
TUESDAY

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## തെക്കൻ ലബനനിൽ കരയുദ്ധം തുടങ്ങി ഇസ്രയേൽ; സിറിയയിലും ആക്രമണം



**ബെയ്റൂട്ട്:** ഭീകര സംഘടനയായ ഹിസ്ബുല്ലയുമായുള്ള സംഘർഷം രൂക്ഷമായിരിക്കേ, തെക്കൻ ലബനനിൽ കരയുദ്ധം ആരംഭിച്ച് ഇസ്രയേൽ. ഇന്നലെ രാത്രിയോടെ ഇസ്രയേൽ ടാങ്കറുകൾ ലബനൻ അതിർത്തി കടന്നു. 'നിയന്ത്രിതമായ രീതിയിൽ', 'പ്രാദേശിക പരിശോധനകൾ' തെക്കൻ ലബനനിലെ ഹിസ്ബുല്ല കേന്ദ്രങ്ങളിൽ ആരംഭിച്ചതായി ഇസ്രയേൽ സൈന്യം പ്രസ്താവനയിൽ വ്യക്തമാക്കി. ഈ ലക്ഷ്യങ്ങൾ സ്ഥിതി ചെയ്യുന്നത് അതിർത്തിയോട് ചേർന്നുള്ള ലബനൻ ഗ്രാമങ്ങളിലാണെന്നും അവ ഇസ്രയേലിന് സുരക്ഷാ ഭീഷണിയാണെന്നും സൈന്യം വ്യക്തമാക്കി. ഇസ്രയേലി വ്യോമസേനയും സൈന്യത്തിന്റെ ആർട്ടിലറി വിഭാഗവും ദൗത്യത്തിൽ പങ്കാളികളാണ്.

സിറിയയിൽ ഇസ്രയേൽ വ്യോമാക്രമണത്തിൽ മൂന്നു പേർ മരിക്കുകയും 9 പേർക്ക് പരുക്കേൽക്കുകയും ചെയ്തതായി രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ബെയ്റൂട്ടിന്റെ തെക്ക് ഭാഗത്തുള്ളവരോട് ഒഴിഞ്ഞുപോകാൻ ആക്രമണത്തിന് മുൻപ് ഇസ്രയേൽ മുന്നറിയിപ്പ് നൽകി. കരവഴിയുള്ള ഇസ്രയേൽ നീക്കം തടയാൻ തങ്ങൾ സജ്ജമാണെന്നും യുദ്ധം നീണ്ടുപോകാമെന്നും ഹിസ്ബുല്ല ഭീകരൻ നയിം ഖാസിം പറഞ്ഞു. യുഎസും യുകെയും വെടിനിർത്തലിന് അഭ്യർഥിച്ചു. രണ്ടാഴ്ചയ്ക്കിടെ ആയിരത്തിലധികം പേർ ഇസ്രയേൽ ആക്രമണത്തിൽ കൊല്ലപ്പെട്ടതായി ലബനൻ അധികൃതർ പറഞ്ഞു.

ഇസ്രയേലിനു പിന്തുണയായി കൂടുതൽ യുദ്ധവിമാനങ്ങളും ആയിരക്കണക്കിനു സൈനികരെയും യുഎസ് മേഖലയിലേക്ക് അയച്ചു. ഇസ്രയേൽ പ്രതിരോധ മന്ത്രി യൊയാവ് ഗലാന്റ് ഇന്നലെ രാജ്യത്തിന്റെ വടക്കൻ അതിർത്തിയിൽ സൈനികരെ സന്ദർശിച്ചു.

## വരുന്നു അതിവേഗ ട്രെയിൻ; വന്ദേഭാരതിന് വിദേശത്തും ഡിമാൻഡ്

**ന്യൂദൽഹി:** മണിക്കൂറിൽ 250 കി.മീ. വേഗത്തിൽ പറക്കുന്ന രണ്ടു ട്രെയിനുകൾ നിർമിക്കാൻ റെയിൽവെ മന്ത്രാലയം പെരമ്പൂർ ഇന്റഗ്രൽ കോച്ച് ഫാക്ടറിയോടു നിർദേശിച്ചു. ഈ സാമ്പത്തിക വർഷം തന്നെ നിർമാണം തുടങ്ങാനാണ് നിർദേശം. മുഴുവൻ സ്റ്റീൽ കോച്ചുകളാണ്. 250 കി.മീറ്ററാണ് പരമാവധി വേഗമെങ്കിലും സാധാരണ 220 കി.മീറ്ററിലാകും ഓടിക്കുക. വന്ദേ ഭാരതിന്റെ മാതൃകയിലുള്ള ട്രെയിനിൽ എട്ടു കോച്ചുണ്ടാകും.



അതിനിടെ ഭാരതത്തിന്റെ അഭിമാനമായ വന്ദേ ഭാരത് എക്സ്പ്രസുകൾ വാങ്ങാൻ വിദേശ രാജ്യങ്ങളും താത്പര്യം പ്രകടിപ്പിച്ചു തുടങ്ങി. ചിലി, കാനഡ, മലേഷ്യ തുടങ്ങിയവയ്ക്കാണ് ഇവ വാങ്ങാൻ ആഗ്രഹം.

മെച്ചപ്പെട്ട ഗുണനിലവാരം, കുറഞ്ഞ ചെലവ്, കൂടിയ വേഗം എന്നിവയാണ് അവരെ ആകർഷിച്ച ഘടകങ്ങൾ. ഇതേ ഗുണനിലവാരവും വേഗവുമുള്ള ട്രെയിനുകൾ മറ്റു രാജ്യങ്ങളിൽ നിർമിക്കുമ്പോൾ വില 160 മുതൽ 180 കോടി രൂപ വരെയാകും. എന്നാൽ ഭാരതത്തിൽ ഇവയുടെ വില 120 മുതൽ 130 കോടി രൂപ വരെ മാത്രമാണ്. പൂജ്യത്തിൽ നിന്ന് 100 കി.മീറ്ററിലെത്താൻ വന്ദേ ഭാരതിന് 52 സെക്കൻഡ് മതി. ജപ്പാനിലെ ബുള്ളറ്റ് ട്രെയിനുകൾക്കു പോലും 54 സെക്കൻഡ് വേണമെന്ന് റെയിൽവെ അധികൃതരെ ഉദ്ധരിച്ച്, ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

പാളങ്ങളിൽ ഉരയുന്നതു മൂലമുള്ള ഘർഷണം കൊണ്ടുണ്ടാകുന്ന ശബ്ദം രൂപകൽപനയുടെ പ്രത്യേകത കാരണം വന്ദേ ഭാരതിൽ കുറവാണ്. ഇവ ഓടാൻ കുറഞ്ഞ ഊർജ്ജം മതി.

പത്തു വർഷം കൊണ്ട്, 31,000 കി.മീ. പാളങ്ങളാണ് പുതുതായി യിട്ടത്. 40,000 കി.മീ. പാളങ്ങൾ കൂടിയിടാനാണ് പദ്ധതിയെന്ന് മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. 40,000 കി.മീ. പാളങ്ങളിൽ കവച് എന്ന സുരക്ഷാ സംവിധാനമൊരുക്കാനുള്ള തീവ്രശ്രമത്തിലാണ് റെയിൽവെ. പതിനായിരം ട്രെയിനുകളിൽ ഇവ ഘടിപ്പിക്കും.

## സെൻസെക്സിന് കനത്ത നഷ്ടം

**കൊച്ചി:** ആഗോള മേഖലയിലെ പ്രതികൂല വാർത്തകളും നിക്ഷേപകരുടെ ലാഭമെടുപ്പും ഇന്ത്യൻ ഓഹരി വിപണിയിൽ കനത്ത തകർച്ച സൃഷ്ടിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ തുടർച്ചയായി റെക്കോഡുകൾ കീഴടക്കി ഓഹരികൾ മുന്നേറിയതോടെ വിപണി മൂല്യത്തെക്കുറിച്ച് നിക്ഷേപകരിൽ ആശങ്കയേറി. ചൈനയിൽ സർക്കാർ പുതിയ സാമ്പത്തിക ഉത്തേജക പാക്കേജ് പ്രഖ്യാപിച്ചതിനാൽ വിദേശ ധനസ്ഥാപനങ്ങൾ അവിടേക്ക് നിക്ഷേപം മാറ്റുകയാണെന്ന് അനലിസ്റ്റുകൾ പറയുന്നു.



ബോംബെ ഓഹരി സൂചികയായ സെൻസെക്സ് 1272.07 പോയിൻറ് ഇടിഞ്ഞ് 84,299.78ലെത്തി. ദേശീയ സൂചികയായ നിഫ്റ്റി 368.10 പോയിൻറ് തകർന്ന് 25,810.85ൽ അവസാനിച്ചു. ചെറുകിട, ഇടത്തരം ഓഹരികളും ഇന്നലെ കനത്ത ഇടിവ് നേരിട്ടു. ബാങ്കിങ്, വാഹന, ഓയിൽ ആൻഡ് ഗ്യാസ് തുടങ്ങിയ മേഖലകളിലെ ഓഹരികളാണ് തകർച്ചയ്ക്ക് നേതൃത്വം നൽകിയത്.

ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെയുള്ള അഞ്ച് മാസത്തിൽ ഇന്ത്യയുടെ ധനക്കമ്മി 4.35 ലക്ഷം കോടി ഡോളറായി ചുരുങ്ങി. നടപ്പു സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിടുന്ന മൊത്തം ധനക്കമ്മിയുടെ 27 ശതമാനമാണിത്.

അവലോകന കാലയളവിൽ നികുതി വരുമാനം മുൻവർഷത്തെ 8.04 ലക്ഷം കോടി രൂപയിൽ നിന്ന് 8.74 ലക്ഷം കോടി രൂപയായി ഉയർന്നു. മൊത്തം മൂലധന ചെലവ് ഇക്കാലയളവിൽ 16.72 ലക്ഷം കോടി രൂപയിൽ നിന്ന് 16.52 ലക്ഷം കോടി രൂപയായി കുറഞ്ഞു. മുൻവർഷം നടപ്പു സാമ്പത്തിക വർഷം ഇന്ത്യയുടെ ധനക്കമ്മി മൊത്തം ആഭ്യന്തര ഉത്പാദനത്തിൻറെ (ജിഡിപി) 4.9 ശതമാനമായി കുറയ്ക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്.

ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മൂന്ന് മാസത്തിൽ ഇന്ത്യയുടെ കറൻറ് അക്കൗണ്ട് കമ്മി ജിഡിപിയുടെ 1.1 ശതമാനമായി ഉയർന്നു.



# പിങ്ക് സെഞ്ചുറി; സൗജന്യ സ്തനാർബുദ പരിശോധന

**കൊച്ചി:** കടവന്ത്ര ഇന്ദിരാഗാന്ധി കോഓപ്പറേറ്റീവ് ആശുപത്രിയിൽ സ്തനാർബുദ ബോധവൽക്കരണ മാസാചരണത്തിന്റെ ഭാഗമായി കൊച്ചിൻ കാൻസർ സൊസൈറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ' പിങ്ക് സെഞ്ചുറി ' നൂറുദിന സ്തനാർബുദ സൗജന്യ പരിശോധന ക്യാമ്പിന്റെ ഉദ്ഘാടനം ഇന്ന് (01.10.24) നടക്കും. വൈകുന്നേരം മൂന്നിന് നടക്കുന്ന സമ്മേളനത്തിൽ ക്യാൻസർ രോഗ വിദഗ്ദൻ ഡോ.വി.പി ഗംഗാധരൻ ക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. ഇന്ദിരാഗാന്ധി ആശുപത്രി പ്രസിഡന്റ് എം.ഒ ജോൺ അധ്യക്ഷത വഹിക്കും. സെക്രട്ടറി അജയ് തറയിൽ, ആശുപത്രി മെഡിക്കൽ സൂപ്രണ്ട് ഡോ.സച്ചിദാനന്ദ കമ്മത്ത് തുടങ്ങിയവർ സംസാരിക്കും.

# ആസാദിയിൽ ബിരുദദാന സമ്മേളനം ഇന്ന്

**കൊച്ചി:** ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്റ്റർ ആന്റ് ഡിസൈൻ ഇന്നൊവേഷൻസ് (ആസാദി) അഞ്ച്, ആറ് ബാച്ച് വിദ്യാർഥികളുടെ ബിരുദദാന സമ്മേളനവും റാങ്ക് ജേതാക്കൾക്കുള്ള ആദരവും ' ഉദയം ' ഇന്ന് (01.10.2024) വൈകിട്ട് 5ന് വൈറ്റില സിൽവർ സാന്റ് ഐലന്റിലെ കോളജ് ക്യാംപസിൽ നടക്കും. ഐഎസ്ആർഒ ചെയർമാൻ ഡോ.എസ്. സോമനാഥ് സമ്മേളനം ഉദ്ഘാടനം ചെയ്യും. ഒന്നാം റാങ്ക് നേടിയ അനീറ്റ പോൾ, രണ്ടാം റാങ്ക് നേടിയ കൃപാ കൃഷ്ണകുമാർ, അഞ്ചാം റാങ്ക് നേടിയ നീത ജോസഫ് എന്നിവരെ ചടങ്ങിൽ ആദരിക്കും. ആസാദി ചെയർമാൻ ആർക്കിടെക്റ്റ് പ്രൊഫ.ബി.ആർ അജിത് അധ്യക്ഷത വഹിക്കും. ഹൈബി ഈഡൻ എം.പി, മുൻമന്ത്രി കെ. ബാബു എം.എൽ.എ, തൃപ്പൂണിത്തുറ നഗര സഭ ചെയർപേഴ്സൺ രമാ സന്തോഷ്, എം.ജി സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം പ്രൊഫ. ഡോ. ബാബു മൈക്കിൾ തുടങ്ങിയവർ സംസാരിക്കും.



ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്റ്റർ ആന്റ് ഡിസൈൻ ഇന്നൊവേഷൻസ് (ആസാദി)ൽ ആരംഭിച്ച എം ആർക്ക് (മാസ്റ്റേഴ്സ് ഓഫ് ആർക്കിടെക്റ്റ്) ആർക്കിടെക്റ്റർ പത്മശ്രീ ഡോ. ജി. ശങ്കർ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ബാബു രാജേശ്വരൻ, ദേവി അജിത്, ആർക്കിടെക്റ്റ് പ്രൊഫ. ബി. ആർ അജിത്, അമ്മു അജിത് തുടങ്ങിയവർ സമീപം

# എം.ആർക്ക് അധ്യയനം തുടങ്ങി

**കൊച്ചി:** ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്റ്റർ ആന്റ് ഡിസൈൻ ഇന്നൊവേഷൻസ് (ആസാദി)ൽ എം .ആർക്ക് (മാസ്റ്റേഴ്സ് ഓഫ് ആർക്കിടെക്റ്റ്) ന് തുടക്കമായി. വൈറ്റില സിൽവർ സാന്റ് ഐലന്റിലെ കോളജ് ക്യാംപസിൽ നടന്ന സമ്മേളനത്തിൽ ആർക്കിടെക്റ്റർ പത്മശ്രീ ഡോ. ജി. ശങ്കർ ഉദ്ഘാടനം ചെയ്തു. ആസാദി ചെയർമാൻ ആർക്കിടെക്റ്റ് പ്രൊഫ. ബി. ആർ അജിത് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ ഡോ. ബാബു രാജേശ്വരൻ, സി.ഇ.ഒ അമ്മു അജിത്, ആസാദി ഫിനാൻസ് ഡയറക്ടർ ദേവി അജിത്, ആർക്കിടെക്റ്റ് ശ്രുതി വർമ്മ, ആർക്കിടെക്റ്റ് കേശവ് ഗംഗാധർ തുടങ്ങിയവർ സംസാരിച്ചു.

# ഹാർമണി അക്രോസ് ഹൊറൈസൺസ്

**കൊച്ചി:** കൊച്ചിൻ മിൻസ്ട്രൽസ് അവതരിപ്പിക്കുന്ന 'ഹാർമണി അക്രോസ് ഹൊറൈസൺസ്' എന്ന സംഗീത സായാഹ്നം ഒക്ടോബർ 2 ന് വൈകുന്നേരം 5:30 കാക്കനാട് ചെമ്പുമുക്കുവിലുള്ള സെന്റ് മൈക്കേൽസ് ചർച്ച് ഓഡിറ്റോറിയത്തിൽ നടക്കും പരിപാടിയിൽ മൂന്ന് ഗായകസംഘങ്ങൾ പങ്കെടുക്കും: ലിവിംഗ് സ്റ്റോൺസ് കാർട്ടറ്റ്, 30 അംഗങ്ങളുള്ള ജൂനിയർ ഗായകസംഘമായ നെക്സ്റ്റ് ജനറേഷൻ, കൂടാതെ 35 അംഗങ്ങളുള്ള സീനിയർ കൊച്ചിൻ മിൻസ്ട്രൽസ് ഗായകസംഘം.



തേവര എസ്.എച്ച് കോളേജിലെ സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷനും, പബ്ലിക്ക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യയുടെ വിദ്യാർത്ഥി വിഭാഗമായ യംഗ് കമ്മ്യൂണിക്കേറ്റേഴ്സ് ക്ലബ്ബും കേരള കാർട്ടൂൺ അക്കാദമിയുടെ സഹകരണത്തോടെ സംഘടിപ്പിച്ചിരിക്കുന്ന ഇന്റർ കേളേജിയറ്റ് സ്റ്റേറ്റ് കാർട്ടൂൺ കോൺക്ലേവ് ' ഡൂഡിൽ ഡെയ്സ് കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്യുന്നു. മുരളി ചീറോത്ത്, പ്രൊഫ് കെ വി തോമസ്, അനൂപ് രാധാകൃഷ്ണൻ, രവി ശങ്കർ, ഫാ. ബെന്നി നാൽക്കാര സി.എം.ഐ, ഫാ. വർഗ്ഗീസ് കാച്ചപ്പിള്ളി സി.എം.ഐ,സുധീർ നാഥ്. ഡോ. സി.എസ് ബിജു, ബാബു ജോസഫ് തുടങ്ങിയവർ സമീപം.

# ഇന്റർ കേളേജിയറ്റ് സ്റ്റേറ്റ് കാർട്ടൂൺ കോൺക്ലേവിന് തുടക്കം

**കൊച്ചി:** തേവര എസ്.എച്ച് കോളേജിലെ സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷനും, പബ്ലിക്ക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യയുടെ വിദ്യാർത്ഥി വിഭാഗമായ യംഗ് കമ്മ്യൂണിക്കേറ്റേഴ്സ് ക്ലബ്ബും കേരള കാർട്ടൂൺ അക്കാദമിയുടെ സഹകരണത്തോടെ സംഘടിപ്പിച്ചിരിക്കുന്ന ഇന്റർ കേളേജിയറ്റ് സ്റ്റേറ്റ് കാർട്ടൂൺ കോൺക്ലേവ് ' ഡൂഡിൽ ഡെയ്സ് ' ന്

തേവര എസ്.എച്ച് കോളജിൽ തുടക്കമായി. കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്തു. ആനിമേഷൻ മേഖലയിലാണ് പുതിയ തലമുറ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതെന്നും രാഷ്ട്രീയ കാർട്ടൂണുകൾ ഇല്ലാതായിക്കൊണ്ടിരിക്കുകയാണെന്നും കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു. കാർട്ടൂണുകളെക്കുറിച്ച് യുവ തലമുറയ്ക്ക് അവബോധം സൃഷ്ടിക്കാൻ ഇത്തരത്തിലുള്ള കോൺക്ലേവുകൾക്ക് സാധിക്കുമെന്നാണ് പ്രതീക്ഷയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.സി.എം. ഐ കൊച്ചി പ്രൊവിൻഷ്യാൾ സുപ്പീരിയർ ഫാ. ബെന്നി നാൽക്കാര അധ്യക്ഷത വഹിച്ചു. കാർട്ടൂണിസ്റ്റ് രവി ശങ്കർ മുഖ്യ പ്രഭാഷണം നടത്തി.കേരള ലളിത കലാ അക്കാദമി ചെയർമാൻ മുരളി ചീരോത്ത് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. മുൻ കേന്ദ്രമന്ത്രി പ്രൊഫ. കെ.വി തോമസ്, എസ്.എച്ച് ഇൻസ്റ്റിറ്റ്യൂഷൻസ് മാനേജർ ഫാ. വർഗ്ഗീസ് കാച്ചപ്പിള്ളി സി.എം.ഐ, തേവര എസ്.എച്ച് കോളജ് പ്രിൻസിപ്പാൾ ഡോ. സി.എസ് ബിജു, കേരള കാർട്ടൂൺ അക്കാദമി ചെയർമാൻ സുധീർ നാഥ്, കാർട്ടൂൺ കോൺക്ലേവ് ഡയറക്ടർ അനൂപ് രാധാകൃഷ്ണൻ, എസ്.എച്ച് സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ ഡയറക്ടർ ബാബു ജോസഫ്, പബ്ലിക്ക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ കേരള ചാപ്റ്റർ ചെയർമാൻ റാം മേനോൻ, കൊച്ചി ചാപ്റ്റർ സെക്രട്ടറി മനോജ് മാനുവൽ, കമ്മിറ്റി യംഗം ജീവൻലാൽ രവി, സി.ജി രാജഗോപാൽ തുടങ്ങിയവർ സംസാരിച്ചു.വൈകുന്നേരം വിഖ്യാത കാർട്ടൂണിസ്റ്റ് സുകുമാർ അനുസ്മരണവും പുസ്തക പ്രകാശനവും നടന്നു. ഒക്ടോബർ രണ്ടു വരെയാണ് ഡൂഡിൽ ഡെയ്സ് കാർട്ടൂൺ കോൺക്ലേവ് നടക്കുക.

# അഖിലേന്ത്യാ തലത്തിൽ തോട്ടമുടമകളുടെ യോജിച്ച ശബ്ദമുയരണം: ടി.പി രാമകൃഷ്ണൻ

**കൊച്ചി:** തോട്ടം മേഖലയെ സംരക്ഷിക്കുന്നതിന് ഉദ്യോഗസ്ഥർ സഹകരണ മനോഭാവത്തോടെ പ്രവർത്തിക്കണമെന്ന് ഇടതുമുന്നണി കൺവീനർ ടി.പി രാമകൃഷ്ണൻ എം എൽ എ. തോട്ടമുടമകളുടെ സംഘടനയായ എ പി കെ യുടെ വാർഷിക പൊതുയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നിയമം വ്യാഖ്യാനിച്ച് തോട്ടം മേഖലയ്ക്ക് എതിരായ നിലപാട് സ്വീകരിക്കുന്ന സമീപനം സംസ്ഥാന താൽപര്യത്തിനെതിരാണ്. തോട്ടം മേഖലയെ സംരക്ഷിക്കുന്നതിന് അഖിലേന്ത്യാ തലത്തിൽ തോട്ടമുടമകളുടെ യോജിച്ച ശബ്ദമുയരണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഉത്പാദനം വർധിപ്പിക്കണമെന്ന് അദ്ദേഹം തോട്ടമുടമകളോട് അഭ്യർഥിച്ചു.

ഭൂപരിഷ്കരണ നിയമത്തിന്റെ ഭാഗമായ നിബന്ധനകളിൽ പരിധിക്കുള്ളിൽ നിന്ന് ഉദാരവത്കരണം സാധ്യമാക്കണമെന്ന് മുഖ്യാതിഥിയായി




രുന്ന വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ് ചൂണ്ടിക്കാട്ടി. വിള സംബന്ധിച്ച തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം കർഷകന് വിട്ട് കൊടുക്കണം. മണ്ണിനും മനുഷ്യനും വിപണിക്കും അനുയോജ്യമായ വിള തെരഞ്ഞെടുക്കണം. മൂല്യ വർധന വിലൂടെ മാത്രമേ ഉത്പാദന ചെലവ് മറികടക്കാൻ കഴിയൂ എന്നും ഹനീഷ് പറഞ്ഞു.എ പി കെ ചെയർമാൻ പ്രിൻസ് തോമസ് ജോർജ് അധ്യക്ഷത വഹിച്ചു.

ഉപാസി പ്രസിഡന്റ് . കെ.മാത്യു എബ്രഹാം വിശിഷ്ടാതിഥിയായിരുന്നുഎ പി കെ വൈസ് ചെയർമാൻ ടി.ആർ രാധാകൃഷ്ണൻ, സെക്രട്ടറി ബി.കെ അജിത് എന്നിവർ പങ്കെടുത്തു. തോട്ടം തൊഴിലാളികളുടെ മക്കളിൽ മികച്ച വിജയം നേടിയവർക്കുള്ള സ്കോളർഷിപ്പുകൾ ചടങ്ങിൽ വിതരണം ചെയ്തു.



ലോക ഹരിത ഉപഭോക്തൃ ദിനത്തോടനുബന്ധിച്ചു നടന്ന പരിപാടിയിൽ ചാവറ കൾച്ചറൽ സെന്ററിനെ ഹരിത സ്ഥാപനമായി പ്രഖ്യാപിച്ചുകൊണ്ട് സംസ്ഥാന ഭക്ഷ്യ സിവിൽ സപ്ലൈസ് ഉപഭോക്തൃ കാര്യ ലീഗൽ മെട്രോളോജി വകുപ്പ് മന്ത്രി ജി. ആർ. അനിൽ, മെമെന്റോ സർട്ടിഫിക്കേറ്റ് ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ. യ്ക്ക് നൽകുന്നു. അഡ്വ. ഹരീഷ് വാസുദേവൻ, ഹരിത കേരള മിഷൻ കൊച്ചി കോർപറേഷൻ കോഡിനേറ്റർ നിസാ, വി. കെ. കൃഷ്ണൻ, മലയാള മനോരമ മുൻ എഡിറ്റൊറിയൽ ഡയറക്ടർ മാത്യൂസ് വർഗീസ്, ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ എറണാകുളം ജില്ലാ പ്രസിഡന്റ് ഡി. ബി. ബിനു. എന്നിവർ സമീപം.

# മാലിന്യനിർമാർജനം നമ്മുടെ ജീവിതശൈലിയായി മാറ്റണം :മന്ത്രി ജി ആർ അനിൽ

**കൊച്ചി :** മാലിന്യനിർമാർജനം നിരന്തര പ്രക്രിയയായി നമ്മുടെ ജീവിതശൈലിയായി മാറ്റണമെന്നും ശുചീകരണ പ്രവർത്തനം ഒരു ദിവസം മാത്രമായി ഒതുക്കരുതെന്നും ജീവിതരീതിയായി മാറണമെന്നും സംസ്ഥാന ഭക്ഷ്യ സിവിൽ സപ്ലൈസ് ഉപഭോക്തൃ കാര്യ ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി ജി. ആർ. അനിൽ അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെന്ററിൽ ലോക ഹരിത ഉപഭോക്തൃ ദിനം ഉദ് ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ചാവറ കൾച്ചറൽ സെന്റർ, കാരിക്കാമുറി റെസിഡൻസ് അസോസിയേഷൻ ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, സ്കൂൾ ഓഫ് ടെക്നോളജി & അപ്ലയ്ഡ് സയൻസ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് ഹരിത ഉപഭോക്തൃ ദിനം ആചരിച്ചത്.

മനുഷ്യന്റെ കയ്യിലേക്ക് ഭൂമി എത്തിച്ചേർന്നപ്പോൾ, ഭാവി തലമുറയ്ക്കും വേണ്ടി കൂടിയാണ് പ്രകൃതി എന്ന് മനുഷ്യൻ വിസ്മരിച്ചു. നമ്മുടെ തോടുകൾ കയ്യേറിയാണ് റോഡുകൾ ഉണ്ടായതെന്ന് പുതിയ തലമുറയ്ക്ക് അറിയില്ല. പ്ലാസ്റ്റിക് അലക്ഷ്യമായി വലിച്ചെറിയുമ്പോഴാണ് നമ്മുടെ ജീവിതത്തിൽ വില്ലനായും അപകടകാരിയായും മാറുന്നതെന്ന് തിരുവനന്തപുരത്ത് ഓട ശുചിയാക്കുന്നതിനിടയിൽ മരണപെട്ടയാളെ അനുസ്മരിച്ചു കൊണ്ട് മന്ത്രി പറഞ്ഞു. ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ എറണാകുളം ജില്ലാ പ്രസിഡന്റ് ഡി. ബി. ബിനു അധ്യക്ഷത വഹിച്ചു. ഹരിത കേരള മിഷന്റെ വിലയിരുത്തലിനു ശേഷം ചാവറ കൾച്ചറൽ സെന്ററിനെ ഹരിത സ്ഥാപനമായി ചടങ്ങിൽ പ്രഖ്യാപിച്ചുകൊണ്ട് മന്ത്രി ജി. ആർ അനിൽ, മെമെന്റോ സർട്ടിഫിക്കേറ്റ് ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ. യ്ക്ക് നൽകി. പരിസ്ഥിതി സൗഹൃദ ഹരിത ഭവനമാക്കിയ വി. കെ. കൃഷ്ണനെ മന്ത്രി ആദരിച്ചു.

സ്കൂളുകളിലും കലാലയങ്ങളിലും കൺസ്യൂമർ ക്ലബ്ബുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി കൊച്ചിൻ കോളേജിലും ഇടപ്പള്ളി സ്കൂൾ ഓഫ് ടെക്നോളജി & അപ്ലൈഡ് സയൻസ്, ഗവ. ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിൽ കൺസ്യൂമർ ക്ലൂബ് കളുടെ രൂപീകരണവും മന്ത്രി പ്രഖ്യാപിച്ചു. ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു. മലയാള മനോരമ മുൻ എഡിറ്റോറിയൽ ഡയറക്ടർ മാത്യൂസ് വർഗീസ്, അഡ്വ. ഹരീഷ് വാസുദേവൻ, ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. അനിൽ ഫിലിപ്പ് സി. എം. ഐ., ഹരിത കേരള മിഷൻ കൊച്ചി കോർപറേഷൻ കോഡിനേറ്റർ നിസാ എന്നിവർ പ്രസംഗിച്ചു.

# ഫാർമസിസ്റ്റ് കെ.വി. സാബുവിന് യാത്രയയപ്പ് നൽകി

**കൊച്ചി:** മുപ്പത്തിമൂന്ന് വർഷത്തെ സേവനത്തിന് ശേഷം ജില്ലാ ആയുർവേദ ആശുപത്രിയിലെ ഫാർമസിസ്റ്റ് കെ.വി സാബു സെപ്തബർ 30 ന് സർവിസിൽ നിന്ന് വിരമിച്ചു. അദ്ദേഹത്തോടുള്ള ആദരസൂചകമായി എറണാകുളം ചാവറ കൾച്ചറൽ സെന്ററിൽ വച്ച്കൊച്ചിയിലെ വിവിധ സാംസ്ക്കാരിക സംഘടനകളും സർവ്വീസ് സംഘടനകളും പൊതുജനങ്ങളും ചേർന്ന് നൽകിയ പൊതു യാത്രയയപ്പിൽ നിരവധി പേർ പങ്കെടുത്തു. കൊച്ചിയിലെകലാകാരന്മാരുടെ സംഘടനയായ ആശ ഒരുക്കിയ സ്വാഗത ഗാനത്തോടെ സമ്മേളനം ആരംഭിച്ചു. പള്ളുരുത്തി സുബൈർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മുൻ എം എൽ എ ജോൺ ഫെർണാണ്ടസ് ആമുഖ പ്രഭാഷണം നടത്തി. സാഹിത്യകാരൻ എ.കെ. പുതുശേരി ഭദ്രദീപം കൊളുത്തി.ടി.ജെ. വിനോദ് എം എൽ എ ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ കേരള സർക്കാരിന്റെ കേന്ദ്ര പ്രതിനിധി പ്രൊഫ. കെ.വി.തോമസ് പുരസ്ക്കാര സമർപ്പണം നടത്തി. സുപ്രീം കോടതി



മുതിർന്ന അഭിഭാഷകൻ എൻ എൻ സുഗുണ പാലൻ ഡോ.സതീഷ് വാര്യർ, വി.കെ.പ്രകാശൻ, കൊച്ചിൻ വർഗ്ഗീസ്, സാജൻ പള്ളുരുത്തി, കലാഭവൻ സാബു , പ്രദീപ് പള്ളുരുത്തി, ഹാഷിം എ.ആർ, എൻ.പി.രഞ്ജിത്ത്, കലാറാണി കെ. എൽ , ആരതി വി. എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന ഗുരുസ്മരണയിൽ എ .കെ. പുതുശ്ശേരി, പള്ളുരുത്തി സുബൈർ, ഡോ.പി.എസ്.ഗോപി , ഡോ. സി.ബി.സജീവ് കുമാർ , ഡോ.എം.കെ. ഇന്ദിര, പി.ആർ. രാജു , ഫൈസൽ വി.എസ്. എന്നിവരെ ആദരിച്ചു.തുടർന്ന് വിവിധ സംഘടനകളുടെ നേതൃത്വത്തിൽ കെ.വി. സാബുവിന് സ്വീകരണം നൽകി.

കലാഭവൻ സാബു പ്രതീപ് പള്ളുരുത്തി എന്നിവരുടെ നേതൃത്വത്തിൽ ഗാനമേളയും നൃത്ത പരിപാടികളും നടന്നു.

# കത്തോലിക്കാസഭാ മെത്രാൻ സിനഡ് വത്തിക്കാനിൽ

**കൊച്ചി :** ആഗോള കത്തോലിക്കാസഭയുടെ മെത്രാൻ സിനഡിൽ പങ്കെടുക്കാനായി സീറോമലബാർ സഭാ ബിഷപ്പുമാസർ വത്തിക്കാനിലേക്ക് പുറപ്പെട്ടു. പതിനാറാമത് മെത്രാൻ സിനഡിന്റെ ജനറൽ അസംബ്ലിയുടെ രണ്ടാമത് സമ്മേളനമാണ് 2024 സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 27 വരെ ഫ്രാൻസിസ് മാർപാപ്പയുടെ അധ്യക്ഷതയിൽ വത്തിക്കാനിൽ നടക്കുക. 'സിനഡാലിറ്റി' എന്ന വിഷയത്തെ അധികരിച്ചുള്ള ചർച്ചകളുടെ ഒന്നാമത് സമ്മേളനം കഴിഞ്ഞവർഷം ഒക്ടോബറിൽ നടന്നിരുന്നു. സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് എന്ന നിലയിൽ മാർ റാഫേൽ തട്ടിൽ, നോമിനേറ്റഡ് അംഗമായി മേജർ ആർച്ചുബിഷപ്പ് എമിരിറ്റസ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി , സീറോമലബാർ മെത്രാൻസിനഡു തിരഞ്ഞെടുത്ത പ്രതിനിധികളായി ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ചുബിഷപ്പ് മാർ ജോസഫ് പാംപ്ലാനി എന്നിവരാണ് സീറോമലബാർസഭയിൽനിന്ന് വത്തിക്കാൻ സിനഡിൽ പങ്കെടുക്കുന്നത്.

# മാലിന്യ മുക്തം നവകേരളം: ജനകീയ ക്യാമ്പെയ്ൻ ജില്ലാതല ഉദ്ഘാടനം രണ്ടിന്

**കൊച്ചി:** ശുചിത്വ കേരളം സുസ്ഥിര കേരളം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന മാലിന്യ മുക്ത നവകേരളത്തിനായി സംഘടിപ്പിക്കുന്ന ജനകീയ ക്യാമ്പെയ്ന്റെ ജില്ലാതല ഉദ്ഘാടനം എലൂർ മുനിസിപ്പൽ ടൗൺഹാളിൽ രാവിലെ 9 ന് മന്ത്രി പി. രാജീവ് നിർവഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജനകീയ ക്യാമ്പെയ്ൻ ലോഗോ പ്രകാശനം ചെയ്യും. ജനകീയ ക്യാമ്പയെന്റെ ആറുമാസത്തെ ക4മ്മ പദ്ധതി പ്രകാശനം ജില്ലാ കളക്ടർ ഉമേഷ് നി4വഹിക്കും.

ജില്ലയിലെ 82 ഗ്രാമപഞ്ചായത്തുകൾ, 14 ബ്ലോക്ക് പഞ്ചായത്തുകൾ, 13 നഗരസഭകൾ, കൊച്ചി കോ4പ്പറേഷ9 എന്നിവിടങ്ങളിൽ ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ആരംഭിക്കുന്നതോ പൂ4ത്തീകരിച്ചതോ ആയ പ്രവ4ത്തനങ്ങളുടെയും മികച്ച മാതൃകകളുടെയും ഉദ്ഘാടനവും നടക്കും.

ഏലൂർ നഗരസഭാ ചെയർമാൻ എ.ഡി. സുജിൽ അധ്യക്ഷത വഹിക്കും. വൈസ് ചെയ4പേഴ്സൺ ജയശ്രീ സതീഷ്, എഡിഎം വിനോദ് രാജ്, എൽഎസ്ജിഡി ജോയിന്റ് ഡയറക്ടർ പ്രദീപ് കുമാർ, ജില്ലാ പ്ലാനിംഗ് ഓഫീസർ എം.എം. ബഷീർ, കുടുംബശ്രീ മിഷൻ ജില്ലാ കോഓഡിനേറ്റർ ടി.എം. റെജീന, ശുചിത്വ മിഷൻ ജില്ലാ കോഓഡിനേറ്റർ നിഫി എസ് ഹക്ക്, നവകേരളം ക4മ്മപദ്ധത ജില്ലാ കോഓഡിനേറ്റർ എസ്. രഞ്ജിനി, കില ജില്ലാ ഫെസിലിറ്റേറ്റർ ജുബൈരിയ ഐസക്, ക്യാമ്പെയിൻ കോഓഡിനേറ്റർ കെ.കെ. രവി, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

# സൈറണുകളുടെ പ്രവർത്തന പരീക്ഷണം ഇന്ന്

**കൊച്ചി:** കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കവചം എന്ന പേരിൽ നടപ്പാക്കുന്ന ദുരന്ത മുന്നറിയിപ്പ് സംവിധാനത്തിന്റെ ഭാഗമായി കേരളത്തിൽ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള സൈറണുകളുടെ പ്രവർത്തന പരീക്ഷണം ഒക്ടോബർ ഒന്ന് ചൊവ്വ നടക്കും. ഇതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ സ്ഥാപനങ്ങളിലെയും സ്കൂളുകളിലെയും സൈറണുകളുടെ ട്രയൽ റൺ നടക്കും.

# വനിത രത്നപുരസ്ക്കാരം

**കൊച്ചി:** വിവിധ മേഖലകളിൽ സ്തുത്യർഹമായ സേവനങ്ങൾ കൈവരിച്ച വനിതകളെ ആദരിക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാർ വനിത രത്നപുരസ്ക്കാരം നൽകി വരുന്നുണ്ട്. സാമൂഹ്യസേവനം, കായികരംഗം, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിത വിജയം നേടിയ വനിത, സ്ത്രീകളുടേയും കുട്ടികളുടേയും ശാക്തീകരണം, വിദ്യാഭ്യാസ മേഖലകളിലും ശാസ്ത്ര സാങ്കേതിക മേഖലകളിലും വ്യക്തിമുദ്ര പതിപ്പിച്ച വനിത, കലാരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച വനിത എന്നീ ആറ് മേഖലകളിലാണ് 2024 വർഷത്തെ വനിത രത്നപുരസ്ക്കാരങ്ങൾ നൽകുന്നത്. പ്രവർത്തന മേഖലകളിൽ കാഴ്ച വച്ചിട്ടുള്ള വ്യത്യസ്തവും നൂതനവുമായ പ്രവർത്തനങ്ങൾ നേട്ടങ്ങൾ, പുരസ്കാരങ്ങൾ, എന്നിവയെ സംബന്ധിച്ച വിശദവിവരങ്ങൾ, രേഖകൾ, ഹ്രസ്വ ചിത്രീകരണം എന്നിവ നോമിനേഷനുകൾ സമർപ്പിക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ /സംഘടനകൾ എന്നിവർക്ക് നൽകാവുന്നതാണ്. അവാർഡിനായി നോമിനേറ്റ് ചെയ്യുന്ന വ്യക്തി ജീവിച്ചിരിക്കുന്ന ആളാവണം. കഴിഞ്ഞ അഞ്ച് വർഷമെങ്കിലും പ്രസ്തുത മേഖലയിൽ പ്രവർത്തിച്ചവരാവണം. പൂരിപ്പിച്ച അപേക്ഷകളും അനുബന്ധ രേഖകളും ഒക്ടോബർ 10 നു മുമ്പായി അതത് ജില്ല വനിത ശിശുവികസന ഓഫീസർക്ക് സമർപ്പിക്കണം.






## 2024ൽ ഇന്ത്യയിലെ വനിത നാവികരുടെ എണ്ണം 45 ശതമാനം

# മെഴ്സ്ക് ഇക്വൽ അറ്റ് സീ ലക്ഷ്യത്തിലേക്ക്

**കൊച്ചി:** നോട്ടിക്കൽ, എഞ്ചിനീയറിംഗ് കേഡറ്റ് പ്രവേശനത്തിൽ 2027ഓടെ ആൺ പെൺ തുല്യത 50 ശതമാനം ഉറപ്പാക്കുന്നതിനായി ആഗോള ലോജിസ്റ്റിക്സ് മേഖലയിലെ മുൻനിരക്കാരായ എ.പി. മൊള്ളർ ഇന്ത്യയിൽ നടപ്പാക്കുന്ന 'ഇക്വൽ അറ്റ് സീ' പദ്ധതി ലക്ഷ്യത്തിലേക്ക് അടുക്കുന്നു. 2027ലാണ് ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിച്ചതെങ്കിലും 2024ൽ തന്നെ 45ശതമാനം കേഡറ്റുകളും വനിതകളായി. മുംബൈയിൽ നടന്ന ഇക്വൽ അറ്റ് സീ കോൺഫറൻസിലാണിത് പ്രഖ്യാപിച്ചത്.

2022ൽ ആരംഭിച്ച 'ഇക്വൽ അറ്റ് സീ' പദ്ധതി മൂന്നാം വർഷത്തിലേക്ക് കടക്കുമ്പോൾ നാവികർക്കിടയിൽ ലിംഗസമത്വം എന്ന മെഴ്സ്ക്കിൻറെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനൊപ്പം തൊഴിൽ മേഖലയിലെ പുതിയ സംസ്ക്കാരത്തിനു കൂടയാണ് കമ്പനി തുടക്കമിടുന്നത്.

സമീപ കാലത്തു കൂടുതൽ കേഡറ്റുകൾ വന്നതോടെ ഇന്ത്യൻ വനിത നാവികരുടെ എണ്ണം 350ആയി ഉയർന്നു. 2021ൽ ഇത് 41ആയിരുന്നു. ഇന്ത്യയിലെ മെഴ്സ്കിൻറെ നാവികരുടെ എണ്ണത്തിലെ വൈവിധ്യം മെച്ചപ്പെടുത്തുന്നതിന് ഇത് ഗണ്യമായ സംഭാവന നൽകി. ഈ വർഷത്തെ ഇൻറേക്കിൽ വനിതാ കേഡറ്റുകളുടെ ആകെ ശതമാനം 45 ആണ്. നോട്ടിക്കൽ വിഭാഗത്തിൽ മാത്രമായി 50 ശതമാനമെന്ന ലക്ഷ്യവും കൈവരിച്ചു. 2023ൽ 21 വനിതാ ട്രെയിനികളുമായി ആരംഭിച്ച 'ഇക്വൽ അറ്റ് സീ' പദ്ധതിയിൽ ഇന്ന് 70 വനിതകളാണ് പരിശീലനം നേടുന്നത്.

സമുദ്രത്തിന് ആൺപെൺ വ്യത്യാസം ഇല്ലെന്നും ഒരു കോഴ്സ് തന്നെ ആരംഭിച്ചുള്ള മെഴ്സ്ക്കിൻറെ ഈ പ്രവർത്തനം സമത്വത്തിലുപരി ഈ മേഖലയിൽ വലിയ നവീകരണവും കുതിച്ചു ചാട്ടവും ഉണ്ടാക്കുമെന്ന് ഇന്ത്യയിലെ ഡെൻമാർക്ക് സ്ഥാനപതി ഫ്രെഡി സ്വാൻ പറഞ്ഞു. സമുദ്ര രാഷ്ട്രങ്ങൾ എന്ന നിലയിൽ ഇന്ത്യയും ഡെന്മാർക്കും ഈ മാറ്റത്തിന് വലിയ പിന്തുണ നൽകണം. സ്ത്രീകൾക്ക് കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ ആഗോള ഷിപ്പിംഗ് സമൂഹത്തെ ശക്തിപ്പെടുത്താനും പുരോഗതി കൈവരിക്കാനും സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കടലിലെ ലിംഗസമത്വം എന്ന മെഴ്സ്ക്കിൻറെ ലക്ഷ്യം ഇതിനകം തന്നെ 45 ശതമാനത്തിലെത്തി എന്നത് അഭിമാനകരമാണെന്ന് മെഴ്സ്ക്ക് ഏഷ്യ മറൈൻ പീപ്പിൾ മേധാവി കരൺ കൊച്ചർ പറഞ്ഞു. ഈ സംരംഭത്തിലൂടെ നിരവധി വനിതകൾ കടൽ യാത്രയെ തൊഴിലായി സ്വീകരിച്ചു. പുതുതായി എത്തുന്നവരെ ഈ മേഖലയിൽ തന്നെ നിലനിർത്തുന്നുവെന്ന് ഉറപ്പാക്കണമെന്നും അദ്ദേഹം പറഞ്ഞു.

സുസ്ഥിര സമത്വം: ഓൺബോർഡിങ്ങിനപ്പുറം, സീ സൈഡ് ചാറ്റ് വുമൺ ഓൺ ബോർഡ്: മിഥ്യയോ യാഥാർത്ഥ്യമോ എന്നീ വിഷയങ്ങളാണ് കോൺഫറൻസിൽ ചർച്ച ചെയ്തത്. കൂടാതെ വിമൻ ഇൻ മാരിടൈം അസോസിയേഷൻറെ സെഷനും ഉണ്ടായിരുന്നു. സമുദ്ര വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിനായി മെഴ്സ്ക് നടത്തുന്ന വിവിധ സംരംഭങ്ങളുടെ പുരോഗതി റിപ്പോർട്ടും അവതരിപ്പിച്ചു.

ഇന്ത്യയിലെ 'ഇക്വൽ അറ്റ് സീ' പദ്ധതി ആഗോള തലത്തിലും മികച്ച സംഭാവനകളാണ് നൽകിയിട്ടുള്ളത്.

മെഴ്സ്കിൻറെ കപ്പലുകളിലെ വനിതാ നാവികരുടെ എണ്ണം 2021ൽ 295 ആയിരുന്നത് ഇന്ന് 650ലധികം ആയി ഉർന്നു. മെഴ്സ്കിൻറെ ആഗോള നാവിക സംഘത്തിലെ സ്ത്രീകളുടെ എണ്ണം 2022ലെ 2.3 ശതമാനത്തിൽ നിന്നും 2024ൽ 5.5 ശതമാനമായും ഉയർന്നു. പരമ്പരാഗതമായി പുരുഷ മേധാവിത്വമുള്ള ഈ മേഖലയിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകാൻ മെഴ്സ്കിൻറെ 'ഇക്വല് അറ്റ് സീ' പദ്ധതിയിലൂടെ സാധിച്ചു.

# ഭിന്നശേഷി വിഭാഗത്തിനുള്ള സ്പെഷ്യൽ അങ്കണവാടി പദ്ധതി അടുത്തവർഷം മുതൽ സംസ്ഥാനമൊട്ടാകെ

**കോഴിക്കോട്:** ഭിന്നശേഷി സൗഹൃദ കേരളത്തിനായുള്ള സമഗ്രപദ്ധതിയായ 'അനുയാത്ര' യുടെ കീഴിൽ നടപ്പാക്കുന്ന ഭിന്നശേഷി കുട്ടികൾക്കായുള്ള സ്പെഷ്യൽ അങ്കണവാടി പദ്ധതി അടുത്തവർഷം മുതൽ സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കുമെന്ന് മന്ത്രി ആർ ബിന്ദു.

കോഴിക്കോട് പൈലറ്റ് ആയി നടപ്പാക്കിയ പദ്ധതി വലിയ വിജയമായതിനാൽ ഈ വർഷം തന്നെ മറ്റൊരു ജില്ലയിൽ നടപ്പാക്കും. തുടർന്ന് അടുത്തവർഷം സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

സ്പെഷ്യൽ അങ്കണവാടിയിൽ നിന്നും പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികളുടെ സംഗമം, മലർവാടി കോഴിക്കോട് മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക ജൂബിലി ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. സമൂഹത്തിൽ ഒന്നാമത്തെ പരിഗണന നൽകേണ്ടത് ഭിന്നശേഷി കുട്ടികൾക്കാണ് എന്ന കാര്യത്തിൽ സാമൂഹ്യനീതി വകുപ്പിന് സംശയമില്ലെന്ന് മന്ത്രി പറഞ്ഞു. ഈ അവബോധം സമൂഹത്തിലും വേണ്ടതുണ്ട്. അതിനായി നിരന്തര ബോധവൽക്കരണം നടത്തുകയാണ്. പതിയെ മനോഭാവത്തിൽ മാറ്റം ഉണ്ടാകുന്നതായി മന്ത്രി പറഞ്ഞു. ബാരിയർ ഫ്രീ കേരള ആണ് സർക്കാരിന്റെ ലക്ഷ്യം. കെട്ടിടങ്ങൾ മാത്രമല്ല മനസ്സുകളും തടസ്സങ്ങളില്ലാതെ, എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകളെയും ഉൾക്കൊള്ളാനാവുന്ന അവസ്ഥയിലേക്ക് മാറണം.

ഏർളി ഡിറ്റക്ഷൻ ആൻഡ് ഇന്റർവെൻഷൻ എന്ന രീതിയിൽ ഇടപെട്ടാൽ വലിയ അളവിൽ ഭിന്നശേഷി വ്യതിയാനം പരിഹരിക്കാനാകുമെന്ന് മന്ത്രി ചൂണ്ടികാട്ടി. ഇപ്പോൾ ഭ്രൂണാവസ്ഥയിൽ തന്നെ വ്യതിയാനം തിരിച്ചറിയാനുള്ള സൗകര്യങ്ങളുണ്ട്.

ഇങ്ങനെ നേരത്തെ തിരിച്ചറിഞ്ഞവ ശാസ്ത്രീയ പരിശീലനങ്ങളിലൂടെ യും ചികിത്സയിലൂടെയും ഭേദമാക്കിയോ ലഘൂകരിച്ചോ ഭിന്നശേഷി കുട്ടികളെ മറ്റു കുട്ടികൾക്കൊപ്പം ചേർക്കുന്ന ഉൾച്ചേരൽ വിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്.

# മസ്തിഷ്ക ജ്വരം സംശയിക്കുന്നവരിൽ അമീബിക്ക് മസ്തിഷ്ക ജ്വരവും പരിശോധിക്കണം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** മസ്തിഷ്ക ജ്വരം സംശയിക്കുന്നവരിൽ അമീബിക്ക് മസ്തിഷ്ക ജ്വരം (അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസ്) നിർണയിക്കാനുള്ള പരിശോധന കൂടി നടത്തണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർദേശം നൽകി. സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം കേസുകൾ കൂടുതലായി സ്ഥിരീകരിക്കുന്ന സാഹചര്യത്തിലാണ് ഈ തീരുമാനമെടുത്തത്. ലോകത്ത് 60 മുതൽ 70 ശതമാനം വരെയുള്ള മസ്തിഷ്കജ്വരം കേസുകളിലും രോഗ സ്ഥിരീകരണം ഉണ്ടാകാറില്ല. ഈയൊരു സാഹചര്യത്തിലാണ് ഇത്തരമൊരു തീരുമാനം സ്റ്റേറ്റ് ലെവൽ റാപ്പിഡ് റെസ്പോൺസ് ടീം (ആർആർടി) എടുത്തത്. കേസുകളുടെ എണ്ണം കൂടിയാലും ഫലപ്രദമായ ചികിത്സയിലൂടെ നിരവധി പേരുടെ ജീവൻ രക്ഷിക്കാനാകും. അതനുസരിച്ച് അമീബിക്ക് മസ്തിഷ്ക ജ്വരം ചികിത്സയ്ക്കുള്ള മിൽട്ടിഫോസിൻ ഉൾപ്പെടെയുള്ള മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാനും മന്ത്രി നിർദേശം നൽകി. മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന സ്റ്റേറ്റ് ആർആർടി യോഗത്തിലാണ് നിർദേശം നൽകിയത്.

അമീബിക്ക് മസ്തിഷ്ക ജ്വരം നേരത്തെ കണ്ടെത്തിയാൽ ചികിത്സിച്ച് ഭേദമാക്കാൻ കഴിയുമെന്ന് കേരളം തെളിയിച്ചതാണ്. അടുത്തിടെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന 10 പേരെ രോഗമുക്തരാക്കാൻ സാധിച്ചു. ആദ്യം തന്നെ കൃത്യമായി രോഗനിർണയം നടത്തുകയും മിൽട്ടിഫോസിൻ ഉൾപ്പെടെയുള്ള മരുന്നുകൾ എത്തിച്ച് ഫലപ്രദമായ ചികിത്സ നൽകുകയും ചെയ്തത് കൊണ്ടാണ് ഇത്രയേറെ പേരെ ഭേദമാക്കാൻ കഴിഞ്ഞത്. ആഗോള തലത്തിൽ 97 ശതമാനം മരണ നിരക്കുള്ള രോഗമാണിത്. എന്നാൽ കേരളത്തിലെ മരണ നിരക്ക് 26 ശതമാനമായി കുറയ്ക്കാൻ സാധിച്ചു.

അമീബിക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കുന്നതിന് ആരോഗ്യ വകുപ്പ് ശക്തമായ നടപടി സ്വീകരിച്ചു വരുന്നു. വിവിധ ജില്ലകളിൽ അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ച സാഹചര്യത്തിൽ രാജ്യത്ത് ആദ്യമായി ഏകാരോഗ്യ സമീപനത്തിലൂന്നിയ ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ കേരളം തീരുമാനിച്ചു. ഇതിന്റെ ആദ്യപടിയായി കേരളത്തിലേയും ഐ.സി.എം.ആർ., ഐ.എ.വി., പോണ്ടിച്ചേരി എവി ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയിലെ വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ടെക്നിക്കൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ച് തുടർ നടപടികൾ സ്വീകരിച്ചു. ഈ പ്രവർത്തനങ്ങൾ ശക്തമാക്കാനും മന്ത്രി നിർദേശം നൽകി.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വകുപ്പ് വിദ്യാഭ്യാസ ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, ആർ.ആർ.ടി. അംഗങ്ങൾ എന്നിവർ പങ്കെടുത്തു.



**മേക്കടമ്പ് ഈസ്റ്റ് റസിഡൻറ്സ് അസ്സോസിയേഷൻറെ (മേരാനഗർ) ആഭിമുഖ്യത്തിൽ ജനമൈത്രി പോലീസിൻറെ സഹകരണത്തോടെ ജന സൗഹൃദ സദസ്സ് വാളകം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ.പി. അബ്രാഹം നിർവ്വഹിക്കുന്നു.**

# ജന സൗഹൃദ സദസ്സ്

**മൂവാറ്റുപുഴ:** മേക്കടമ്പ് ഈസ്റ്റ് റസിഡൻറ്സ് അസ്സോസിയേഷൻറെ (മേരാനഗർ) ആഭിമുഖ്യത്തിൽ ജനമൈത്രി പോലീസിൻറെ സഹകരണത്തോടെ ജന സൗഹൃദ സദസ്സ് നടത്തി. സുരക്ഷിതത്വം മുൻകരുതലുകൾ, ആരോഗ്യകരമായ ജീവിതം, പുരോഗമനത്തിൽ ഊന്നിയ കൂട്ടായ പ്രവർത്തനങ്ങൾ എന്നിവയെ സംബന്ധിച്ചുള്ള ചർച്ചകളും ക്ലാസ്സുകളും നടന്നു.വാളകം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് കെ.പി. അബ്രാഹം, താലൂക്ക് റസിഡൻറ്സ് അസ്സോസിയേഷൻ പ്രസിഡൻറ് ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ, പോലീസ് പി.ആർ.ഒ. സിബി അച്യുതൻ, പഞ്ചായത്ത് മെമ്പർമാരായ റെജി പി.കെ., ജമന്തി മദനൻ, പ്രസിഡൻറ് ജിൻജു ജോൺ, സെക്രട്ടറി ബേബി സി.കെ. എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇന്ത്യയും നേപ്പാളും തമ്മിലുള്ള ബന്ധത്തിൻെറ ആധാരശില വിദ്യാഭ്യാസം : ഡോ. മനോജ് ഹുമഗെയ്ൻ

## അമൃത വിശ്വ വിദ്യാപീഠം കൊച്ചി ക്യാമ്പസിലെ 681 വിദ്യാർത്ഥികൾക്ക് ബിരുദങ്ങൾ നൽകി

**കൊച്ചി:** അമൃത വിശ്വവിദ്യാപീഠത്തിന് കീഴിലെ സ്കൂൾ ഓഫ് മെഡിസിൻ, സ്കൂൾ ഓഫ് ഫാർമസി, കോളേജ് ഓഫ് നേഴ്സിംഗ്, സ്കൂൾ ഓഫ് അലെയ്ഡ് ഹെൽത്ത് സയൻസ്, സ്കൂൾ ഓഫ് ഡെന്റസ്ട്രി, സ്കൂൾ ഓഫ് ബിസിനസ്, സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് മോളിക്യുലാർ എനർജി എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർഥികൾക്കാണ് ബിരുദങ്ങൾ സമ്മാനിച്ചത്.




അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാംപസിൽ നടന്ന ബിരുദദാന ചടങ്ങ് കാഠ്മണ്ഡു സർവകലാശാല ഡീൻ ഡോ. മനോജ് ഹുമഗെയ്ൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു.

ലോകത്തെ സമഗ്ര ആരോഗ്യ രംഗത്തിന്റെ പതാക വാഹകരായി ഇന്ത്യയെ മാറ്റിയത് രാജ്യത്തിന്റെ പരമ്പരാഗത ആരോഗ്യ മേഖലയിലെ മഹത്തായ പാരമ്പര്യമാണെന്ന് കാഠ്മണ്ഡു സർവകലാശാല ഡീൻ ഡോ. മനോജ് ഹുമഗെയ്ൻ പറഞ്ഞു. അമൃത വിശ്വ വിദ്യാപീഠം കൊച്ചി ക്യാമ്പസിലെ ബിരുദദാന ചടങ്ങിലെ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. യോഗ, ധ്യാനം എന്നിവ മാനസിക  ശാരീരിക ആരോഗ്യ പരിപാലനത്തിന് ഫലപ്രദമായ മാർഗമായി ലോകം അംഗീകരിച്ചതും ഇന്ത്യയുടെ നേട്ടമായി അദ്ദേഹം ചൂണ്ടിക്കാട്ടി. സാങ്കേതികവിദ്യയുടെ  വളർച്ചയ്ക്കൊപ്പം ആരോഗ്യ മേഖലയും മുന്നോട്ട് കുതിച്ചിട്ടുണ്ട്. ആന്റിബയോട്ടിയിൽ നിന്ന് വാക്സിൻ വരെ ലോകം വളർന്നതും ഇതിന് ഉദാഹരണമാണെന്നും ഡോ. മനോജ് ഹുമഗെയ്ൻ പറഞ്ഞു. രോഗനിർണയം ചികിത്സ എന്നിവ മാത്രമല്ല ആരോഗ്യപ്രവർത്തകരുടെ കർമ്മമെന്നും, കരുണ അനുകമ്പ എന്നിവ ഉൾപ്പെടുന്ന പരമ്പരാഗത ചികിത്സ രീതിയുടെ മൂല്യങ്ങൾ വിദ്യാർത്ഥികൾ മറക്കരുതെന്നും അദ്ദേഹം ഓർമിപ്പിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നേപ്പാളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ രണ്ടാമത്തെ വീടാണ് ഇന്ത്യ എന്ന് അദ്ദേഹം പറഞ്ഞു. ആരോഗ്യരംഗത്തെ സംയുക്ത പഠനം ഗവേഷണം എന്നീ മേഖലകളിൽ ഇന്ത്യ നേപ്പാൾ ബന്ധം സുദൃഢമാണെന്നും ഡോ. മനോജ് ഹുമഗെയ്ൻ വ്യക്തമാക്കി.

വിദ്യാഭ്യാസമാണ് ഒരു വ്യക്തിയുടെ ഭാവി നിർണയിക്കുന്നത് എന്ന് അമൃത സ്കൂൾ ഓഫ് ഫാർമസി ബിരുദധാന ചടങ്ങിൽ മുഖ്യാതിഥിയായ സൺ ഫാർമസി ഇൻഡസ്ട്രീസ് റിസർച്ച് ആൻഡ് ഡെവലപ്മെൻറ് വൈസ് പ്രസിഡൻറ് ഡോ. അജയ് ജയ്സിംഗ് ഖോപ്ഡെ ഓർമിപ്പിച്ചു. 30 വർഷമായി വിദ്യാഭ്യാസ രംഗത്ത് ശോഭിക്കുന്ന അമൃത ദേശീയ അഭിമാനചിഹ്നമായി മാറിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചോദ്യങ്ങൾ ചോദിക്കാനുള്ള കഴിവില്ലായ്മയാണ് ഇന്നത്തെ ഉദ്യോഗാർത്ഥികൾ നേരിടുന്ന പ്രധാന പ്രശ്നമെന്നും പുതിയ നൈപുണ്യങ്ങൾ പഠിക്കാൻ വിദ്യാർഥികൾ വിമുഖത കാട്ടരുതെന്നും ഏർണസ്റ്റ് ആൻഡ് യംഗ് അസോസിയേറ്റ് ഡയറക്ടർ ജീവൻ ശശിധരൻ ഓർമിപ്പിച്ചു.മാതാ അമൃതാനന്ദമായി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണാമൃതാനന്ദപുരി ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നടത്തി. അമൃത ഹോസ്പിറ്റൽ ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടറും പ്രോവോസ്റ്റുമായ ഡോ. പ്രേം നായർ, അമൃത വിശ്വവിദ്യാപീഠം എക്സാമിനേഷൻ കൺട്രോളർ ഡോ. ആർ ദണ്ഡപാണി, അമൃത സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ ഡോ. ഗിരീഷ് കുമാർ കെ പി, അമൃത സ്കൂൾ ഓഫ് ഫാർമസി പ്രിൻസിപ്പൽ ഡോ. സബിത എം, അമൃത സ്കൂൾ ഓഫ് ബിസിനസ് പ്രിൻസിപ്പൽ ഡോ. രാജീവ് പ്രസാദ്, അമൃത സ്കൂൾ ഓഫ് ഡെന്റസ്ട്രി പ്രിൻസിപ്പൽ ഡോ. ബാലഗോപാൽ വർമ്മ, അമൃത കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ ഡോ. കെടി മോളി, അമൃത സ്കൂൾ ഓഫ് നാനോ സയൻസ് ആൻഡ് മോളിക്യുലാർ മെഡിസിൻ ഡീൻ ഡോ. ശാന്തികുമാർ നായർ, അമൃത അലയ്ഡ് ഹെൽത്ത് സയൻസ് ചീഫ് പ്രോഗ്രാം അഡ്മിനിസ്ട്രേറ്റർ ഡോ. എം വി തമ്പി അമൃത സ്കൂൾ ഓഫ് ഡെന്റസ്ട്രി വൈസ് പ്രിൻസിപ്പൽ ഡോ. രാകേഷ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

വിവിധ കോഴ്സുകളിൽ റാങ്കുകൾ നേടിയ വിദ്യാർത്ഥികൾക്കുള്ള മെഡലുകളുടെ വിതരണവും പിഎച്ച്ഡി പൂർത്തിയാക്കിയ ഗവേഷണ വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും ചടങ്ങി വെച്ച് നടന്നു.




## ടേബിൾ ടെന്നീസ് ടൂർണമെന്റ് സമാപിച്ചു

**കൊച്ചി:** ഒന്നാമത് വൈ എം സി എ സൗത്ത് ഏരിയ ബ്രാഞ്ചും ഗ്ലോഡിസ് ടി ടി ചാമ്പ് മേക്കഴ്സ് ഓൾ കേരള ഓപ്പൺ സ്റ്റേറ്റ് റാങ്കിങ് പ്രൈസ് മണി ടേബിൾ ടെന്നീസ് ടൂർണമെന്റ് സമാപിച്ചു.  അമീർ അഫ്താബ് എസ്, റീവ അന്ന മൈക്കിൾ, ഗൗരിശങ്കർ എ , ടിയ എസ് മുണ്ടൻകുര്യൻ , ബ്ലെയ്സ് പി അലക്സ് , എഡ്വിന എഡ്വേർഡ് (ഡ17 ഗേൾസ്), ദേവപ്രയാക് , ജോനാ ജോസഫ് എന്നിവർ വിജയികളായി ടേബിൾ ടെന്നീസ് ഫെഡറേഷൻ ഓഫ്ഇ ന്ത്യ സീനിയർ വൈസ് പ്രസിഡന്റ് ശ്രീമതി പദ്മജ എസ് മേനോൻ മുഖ്യാതിഥിയായിരുന്നു. ടേബിൾ ടെന്നീസ് അസോസിയേഷൻ ഓഫ് കേരള ഹോണനറി സെക്രട്ടറി ശ്രീ മൈക്കിൾ മത്തായി, എറണാകുളം ജില്ല ടേബിൾ ടെന്നീസ് അസോസിയേഷൻ സെക്രട്ടറി ശ്രീമതി ഗ്ലോഡിസൺ കൊറിയ, എറണാകുളം വൈഎംസിഎ ജനറൽ സെക്രട്ടറി ശ്രീ ആന്റോ ജോസഫ് എന്നിവർ പ്രസംഗിച്ചു.

## റേഡിയോഗ്രാഫർ തസ്തികയിലേയ്ക്ക് അപേക്ഷിക്കാം

**കൊച്ചി:** മൃഗാശുപത്രി സേവനങ്ങൾ അനായാസേന ലഭ്യമല്ലാത്ത വിദൂര പ്രദേശങ്ങളിലെ കർഷകർക്ക് മൃഗപരിപാലന സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ഈ സാമ്പത്തിക വർഷം നടപ്പാക്കി വരുന്ന മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ് എന്ന പദ്ധതി എറണാകുളം ജില്ലയിൽ നടപ്പിലാക്കുന്നതിനായി കരാർ അടിസ്ഥാനത്തിൽ പൂർണ്ണമായും താൽക്കാലികമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവല്പ്മെന്റ് മുഖേന ഉദ്യോഗാർത്ഥികളുടെ നിയമനം പൂർത്തികരിക്കാനെടുക്കുന്ന കാലയളവിലേയ്ക്ക് പരമാവധി 89 ദിവസത്തേയ്ക്ക് കർഷകർക്ക് ആവശ്യമായ മൃഗചികിസ്ത സേവനങ്ങൾ വാഹനത്തിൽ സ്ഥലത്ത് എത്തി നൽകുന്നതിനു വേണ്ടി റേഡിയോഗ്രാഫർ തസ്തികയിലേയ്ക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നു.

റേഡിയോഗ്രാഫർ വേതനം24,040/ രൂപ പ്രതിമാസം. റേഡിയോഗ്രാഫർ തസ്തികയിലേക്ക് തിരഞ്ഞെടുക്കുന്നതിനുള്ള വാക്കിംഗ് ഇന്റർവ്യൂ ഉദ്യോഗാർത്ഥികൾ ഒക്ടോബ4 മൂന്നിന് രാവിലെ 11 മുതൽ 12 വരെ നടത്തും.

ബയോഡാറ്റയും, യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം എറണാകുളം സൗത്ത് ക്ലബ് റോഡിലെ ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വാക്ക്ഇൻഇന്റർവ്യൂവിന് ഹാജരാക്കേണ്ടതാണ്.



## ഫുട്ബാൾ ക്വിസ് നടത്തി

**മൂവാറ്റുപുഴ :** മൂവാറ്റുപുഴ ഫുട്ബാൾ ക്ലബ്ബും നിർമല കോളേജ് ക്വിസ് ക്ലബും സംയുക്തമായി ഓൾ കേരള ഫുട്ബാൾ ക്വിസ് മത്സരം സംഘടിപ്പിച്ചു. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നായി 35 ടീമുകൾ മത്സരത്തിൽ പങ്കെടുത്തു. നിർമല കോളേജ് പ്രിൻസിപ്പൽ ഫാ. ഡോ. ജസ്റ്റിൻ കെ കുര്യാക്കോസ് ഫുട്ബോൾ ക്വിസിന്റെ  ഉദ്ഘാടനം നിർവഹിച്ചു. ഫുട്ബാൾ ചരിത്രം, ക്ലബുകൾ, ലീഗുകൾ,കളിക്കാർ,റെക്കോർഡുകൾ, ഇന്ത്യൻ ഫുട്ബാൾ, കേരള ഫുട്ബാൾ എന്നീ മേഖലകളിൽ നിന്നായിരുന്നു ചോദ്യങ്ങൾ. പ്രശസ്ത ക്വിസ് മാസ്റ്റർ എ ആർ രഞ്ജിത്താണ് ക്വിസ് നയിച്ചത്. രണ്ട് റൗണ്ടുകളായി നടത്തിയ മത്സരത്തിൽ എറണാകുളം സ്വദേശികളായ അഖിൽ ഘോഷ്, വിഷ്ണു വിജയ് എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി. മൂവാറ്റുപുഴ ഫുട്ബോൾ ക്ലബ് പ്രസിഡന്റ് എൽദോ ബാബു വട്ടക്കാവൻ, സെക്രട്ടറി സാബു പി വാഴയിൽ, കോളേജ് ബർസാർ ഫാ. പോൾ കളത്തൂർ, കോളേജ് ക്വിസ് ക്ലബ് കോർഡിനേറ്റർമാരായ ബോണി സാമുവൽ, അനിത ജെ മറ്റം, വിദ്യാർഥി പ്രതിനിധി ജെം കെ ജോസ് എന്നിവർ മത്സരത്തിന് നേതൃത്വം നൽകി.

സൊസൈറ്റി ടുഡേ SOCIETY TODAY

# ഇന്ത്യ പ്രൊപ്പ്ടെക് ഡെമോ: ആദ്യ നാൽപ്പതിൽ ഇടം പിടിച്ച് തിത്തിത്താര

**കൊച്ചി:** മുംബൈയിൽ റിയാൽട്ടി നെക്സ്റ്റ് നടത്തിയ റിയൽ എസ്റ്റേറ്റ് ടെക്നോളജി പ്രദർശനമായ ഇന്ത്യ പ്രൊപ്പ്ടെക് ഡെമോ ഡേയിൽ കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പായ തിത്തിത്താര ഡോട് കോം ആദ്യ നാൽപത് സ്ഥാനങ്ങളിൽ ഇടം പിടിച്ചു. ലോകത്തിൻറെ ഏത് ഭാഗത്തുള്ള മലയാളികൾക്കും കേരളത്തിൽ സ്ഥലമോ പാർപ്പിടമോ വാങ്ങുന്നതിനുള്ള എഐ അധിഷ്ഠിതമായ വെബ്സൈറ്റാണ് തിത്തിത്താര.

രാജ്യത്തെ ഓൺലൈൻ റിയൽ എസ്റ്റേറ്റ് ഭീമന്മാരോട് മത്സരിച്ചാണ് തിത്തിത്താര പട്ടികയിൽ ഇടം പിടിച്ചത്. വസ്തു വാങ്ങാനുള്ളവർ, വിൽക്കാനുള്ളവർ, നിർമ്മാതാക്കൾ എന്നിവർക്കായുള്ള സമഗ്ര സേവനമാണ് തിത്തിത്താര നടത്തുന്നത്.

തികച്ചും സങ്കീർണതകളില്ലാതെ വസ്തുവിൻറെ പരസ്യം നൽകുന്നത് മുതൽ അതിൻറെ രജിസ്ട്രേഷൻ കഴിയുന്നത് വരെയുള്ള സേവനം തിത്തിത്താര നൽകുന്നുണ്ടെന്ന് കമ്പനി സിഇഒയും സഹസ്ഥാപകനുമായ അബ്ദുൾ ഹർഷാദ് കെ പറഞ്ഞു.

നിലവിൽ കേരളത്തിലെ പ്രോപ്പർട്ടികൾ മാത്രമാണ് കൈകാര്യം ചെയ്യുന്നത്. സമീപഭാവിയിൽ തന്നെ ഗൾഫ് രാജ്യങ്ങളിലേക്കും കാനഡ പോലുള്ള സ്ഥലങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കാനൊരുങ്ങുകയാണെന്നും അദ്ദേഹം പറഞ്ഞു.അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചാണ് തിത്തിത്താരയുടെ പ്രവർത്തനമെന്ന് സഹസ്ഥാപകനായ അദ്നാൻ കോട്ട പറഞ്ഞു. താരാബോട്ട് എന്ന ചാറ്റ്ബോട്ടിലൂടെ ഉപഭോക്താക്കൾക്ക് നിസ്സീമമായ ബ്രൗസിംഗ് അനുഭവം ലഭിക്കും. വാട്സാപ്പ് വഴി പ്രോപ്പർട്ടികൾ ലിസ്റ്റ് ചെയ്യാനുള്ള സംവിധാനം കൂടിയുള്ളതിനാൽ എല്ലാവരിലേക്കും ഇത് വേഗത്തിലെത്തുമെന്നും അദ്ദേഹം പറഞ്ഞു.

മലപ്പുറം സ്വദേശികളായ അബ്ദുൾ ഹർഷാദ്, അദ്നാൻ കോട്ട എന്നിവർ ചേർന്നാണ് 2022 ലാണ് തിത്തിത്താര ആരംഭിച്ചത്. കോഴിക്കോട്ട് കിൻഫ്ര കാമ്പസിലാണ് കമ്പനിയുടെ ആസ്ഥാനം. കെഎസ്യുഎമ്മിൻറെ യുണീക് ഐഡിയുള്ള സ്ഥാപനമാണ് തിത്തിത്താര.

# ഇന്ത്യയിൽ ഗ്യാലക്സി എസ്24 എഫ്ഇ ലോഞ്ച് ചെയ്ത് സാംസങ്

**കൊച്ചി:** സാംസങ് തങ്ങളുടെ ഗ്യാലക്സി എഐ ഇക്കോസിസ്റ്റത്തിലെ ഏറ്റവും പുതിയ മോഡലായ ഗ്യാലക്സി എസ്24 എഫ്ഇയുടെ ലോഞ്ചിംഗ് പ്രഖ്യാപിച്ചു. എഐ അടിസ്ഥാനമാക്കിയുള്ള പ്രോവിഷൽ എഞ്ചിൻ, ഉപഭോക്താക്കളെ കൂടുതൽ ക്രിയേറ്റീവ് ആക്കുന്ന എഐയുടെ ഫോട്ടോ അസിസ്റ്റ് ഫീച്ചറുകളോടുകൂടിയ നൂതന ക്യാമറ സെറ്റ് അപ്പ് തുടങ്ങിയ സവിശേഷതകളുമായാണ് ഗ്യാലക്സി എസ്24 എഫ്ഇ എത്തുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.6.7 ഇഞ്ച് 1 ഡയനാമിക് അമോൾഡ് 2ഃ ഡിസ്പ്ലേ, 4700 എംഎഎച്ച് ബാറ്ററി, എക്സിനോസ് 2400 സീരീസ് ചിപ് സെറ്റിന്റെ കരുത്ത് എന്നീ ഫീച്ചറുകൾ കൂടി ഒപ്പം ചേരുമ്പോൾ ഗെയിമിംഗിനും ഗ്യാലക്സി എസ്24 എഫ്ഇ ഒരു മികച്ച തെരഞ്ഞെടുപ്പാകുന്നു. കമ്യൂണിക്കേഷൻ, പ്രൊഡക്ടിവിറ്റി, ക്രിയേറ്റിവിറ്റി തുടങ്ങിയ മെച്ചപ്പെടുത്തുന്നതിനായി പ്രീമിയം ഗ്യാലക്സി എഐ ടൂളുകളാണ് ഗ്യാലക്സി എസ്24 എഫ്ഇയിലുള്ളത്.50 എംപി വൈഡ് ലെൻസ്, 3 മടങ്ങ് ഒപ്റ്റിക്കൽ സൂം ശേഷിയുള്ള 8 എംപി ടെലിഫോട്ടോ ലെൻസ് എന്നിവയോടെ പ്രീമിയം ക്യാമറ സെറ്റ് അപ്പാണ് ഗ്യാലക്സി എസ്24 എഫി ഉറപ്പുനൽകുന്നത്. ഇരു ലെൻസുകളും ഒപ്റ്റിക്കല് ഇമേജ് സ്റ്റെബിലൈസേഷൻ സപ്പോർട്ട് ചെയ്യുകയും ചെയ്യുന്നു. ഇതൊടൊപ്പം 12 എംപി അൾട്ര വൈഡ് ലെൻസും 10 എംപി സെൽഫി ക്യാമറയുമുണ്ട്.എഫ് സീരീസിൽ ആദ്യമായി അവതരിപ്പിക്കപ്പെടുന്ന പ്രൊവിഷ്വൽ എഞ്ചിൻ ഫീച്ചറുകളിലൂടെ ഏറ്റവും മികച്ച ഫോട്ടോഗ്രഫി, വീഡിയോഗ്രഫി സാധ്യമാകും. ബ്ലൂ, ഗ്രാഫൈറ്റ്, മിന്റ് നിറങ്ങളിൽ ഗ്യാലക്സി എസ്24 എഫ്ഇ ലഭ്യമാകും. സാംസങ്.കോംമിൽ നിന്നോ മുൻനിര റീട്ടെയിൽ ഷോറൂമുകളിൽ നിന്നോ ഉപഭോക്താക്കൾക്ക് പ്രീ ബുക്കിംഗ് ചെയ്യാം.



# റോട്ടറി കൊച്ചിൻ വാക്കത്തോൺ സംഘടിപ്പിച്ചു

കൊച്ചി: ലോക ഹൃദയ ദിനത്തോടനുബന്ധിച്ച് റോട്ടറി കൊച്ചിൻ കോസ്മോസിന്റെ നേതൃത്വത്തിൽ വാക്കത്തോൺ സംഘടിപ്പിച്ചു. എറണാകുളം ഡി എച്ച് ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ കൊച്ചിയിലെ പ്രമുഖ ഹൃദ്രോഗ വിദഗ്ധർ ആയ , ആസ്റ്റർ മെഡ്സിറ്റി ലീഡ് സീനിയർ കൺസൾട്ടന്റ് ഡോ.ആർ അനിൽകുമാർ, അമൃത പീഡിയാട്രിക് കാർഡിയോളജി വിഭാഗം മേധാവി ഡോ.ആർ കൃഷ്ണകുമാർ, റിനൈ മെഡ്സിറ്റി ഇന്റർവെൻഷണൽ കാർഡിയോളജി വിഭാഗം മേധാവി ഡോ. വിനോദ് തോമസ്, എറണാകുളം ജനറൽ ആശുപത്രി സീനിയർ ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റ് ഡോ. വിജോ ജോർജ്, അമൃത പീഡിയാട്രിക് കാർഡിയാക് സർജറി ചീഫ് ഡോ. ബ്രിജേഷ് പി കോട്ടയിൽ എന്നിവർ ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു.ആരോഗ്യകരമായ നടത്തത്തെ കുറിച്ച് ലേക്ഷോർ ഗ്യാസ്ട്രോഎൻട്രോളജി സീനിയർ കൺസൾട്ടന്റ് ഡോ. ആന്റണി പോൾ ചേറ്റുപുഴ ക്ളാസെടുത്തു.ഡി എച്ച് ഗ്രൗണ്ടിൽ നിന്നാരംഭിച്ച വാക്കത്തോൺ ഫോർഷോർ റോഡ് ചുറ്റി സെൻറ്. തെരേസാസ് കോളജിന് മുന്നിലൂടെ ദർബാർ ഹാളിന് മുന്നിൽ സമാപിച്ചു. നൂറ്റി അൻപതോളം പേർ പങ്കെടുത്തു. തുടർച്ചയായി 8ാം വർഷം ആണ് 'കോസ്മോസ് ഹാർട്ട് കെയർ ' പ്രോജക്ടിന്റെ ഭാഗമായി റോട്ടറി കൊച്ചിൻ കോസ്മോസ് ഈ ബോധവൽക്കരണ യജ്ഞം നടത്തുന്നത്. ക്ലബ് പ്രസിഡന്റ് അജിത്ത് കുമാർ, പ്രോഗ്രാം ചെയർ വാണി വിശ്വനാഥൻ, കോ ചെയർ ദീപക്ക്, സെക്രട്ടറി ശ്രീജിത്ത്, ട്രഷറർ മുഹമ്മദ് റാഫി എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

# സ്വിഗ്ഗി ലിമിറ്റഡ് ഐപിഒയ്ക്ക് അപ്ഡേറ്റഡ് ഡിആർഎച്ച്പി വൺ സമർപ്പിച്ചു

**കൊച്ചി:** ഉപയോക്താക്കൾക്ക് ഭക്ഷണം, പലചരക്ക്, വീട്ടുപകരണങ്ങൾ തുടങ്ങിയവ ഓൺലൈനായി ഓർഡർ ചെയ്ത് വാതിൽപ്പടിയിൽ ലഭ്യമാക്കുന്നതിന് ഉപയോഗിക്കാൻ വളരെ എളുപ്പമായ പ്ലാറ്റ്ഫോം അവതരിപ്പിച്ച ഉപഭോക്തൃ സാങ്കേതികവിദ്യാ കമ്പനിയായ സ്വിഗ്ഗി ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് അപ്ഡേറ്റഡ് ഡിആർഎച്ച്പി (യുഡിആർഎച്ച്പി) വൺ സമർപ്പിച്ചു.3,750 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും ഓഹരി ഒന്നിന് ഒരു രൂപ മുഖവിലയുള്ള 185,286,265 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ജെ. പി. മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, സിറ്റിഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ബോഫാ സെക്യൂരിറ്റീസ് ഇന്ത്യ ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, അവെൻഡസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഡോ. അഗർവാൾസ് ഹെൽത്ത് കെയർ ഐപിഒയ്ക്ക്

**കൊച്ചി:** ചെന്നൈ ആസ്ഥാനമായുള്ള ആശുപത്രി ശൃംഖലയായ ഡോ. അഗർവാൾസ് ഹെൽത്ത് കെയർ പ്രാരംഭ ഓഹരി വിൽപനയ്ക്കുള്ള (ഐപിഒ) കരടുരേഖ സമർപ്പിച്ചു. 1 രൂപ മുഖവിലയുള്ള പുതിയ ഓഹരികളുടെ വിൽപനയിലൂടെ 300 കോടി രൂപ സമാഹരിക്കുകയാണ് ലക്ഷ്യം. പ്രമോട്ടർമാരുടെയും ഓഹരി ഉടമകളുടെയും കൈവശമുള്ള 6,95,68,204 ഷെയറുകളാണ് വിറ്റഴിക്കുന്നത്. ഓഹരികൾ ആനുപാതികമായാണ് വിറ്റഴിക്കുക. 50 ശതമാനത്തിൽ കുറയാത്ത ഓഹരികൾ യോഗ്യരായ ഇൻസ്റ്റിറ്റിയൂഷനൽ നിക്ഷേപകർക്കും, 15 ശതമാനത്തിൽ കവിയാത്ത ഓഹരികൾ നോൺഇൻസ്റ്റിറ്റിയൂഷനൽ നിക്ഷേപകർക്കും, 35 ശതമാനം വരെ വ്യക്തിഗത നിക്ഷേപകർക്കും നീക്കിവച്ചിരിക്കുന്നു.

# ലോക ഹൃദയദിനം ആഘോഷിച്ച് അപ്പോളോ അഡ്ലക്സ് ഹോസ്പിറ്റൽ

**അങ്കമാലി:** ലോക ഹൃദയദിനത്തോടനുബന്ധിച്ച് അങ്കമാലി അപ്പോളോ അഡ്ലക്സ് ആശുപത്രി സംഘടിപ്പിച്ച 'ഫോർ എ ഹെൽത്തി ഹാർട്ട്' ക്യാമ്പയിന്റെ ഭാഗമായി സൈക്ലത്തോൺ, സൂംബ, ഫിറ്റ്നസ് ചലഞ്ച് തുടങ്ങിയ പരിപാടികൾ നടന്നു. രാവിലെ ആറ് മണിക്ക് അങ്കമാലി മുൻസിപ്പാലിറ്റി ഓപ്പൺ ജിം മുതൽ അഡ്ലക്സ് കൺവെൻഷൻ സെന്റർ വരെ നടന്ന സൈക്ലത്തോൺ അങ്കമാലി മുനിസിപ്പാലിറ്റി കൗൺസിലർ മാത്യു തോമസ്, ചെയർമാൻ സജു നെടുങ്ങാടൻ, ഹോസ്പിറ്റൽ സിഒഒ ഡോ ഷുഹൈബ് ഖാദർ, മെഡിക്കൽ സൂപ്രണ്ട് ഡോ സജു സാമുവൽ, കാർഡിയോളജി വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ ഹർഷ ജീവൻ എന്നിവർ ഫ്ളാഗ്ഓഫ് ചെയ്തു. തുടർന്ന് ഇൻസ്ട്രക്ടർ സാൻഡ്ര മരിയ നയിച്ച സൂംബ സെഷൻ, ബലൂൺ റിലീസ്, ഫിറ്റ്നസ് ചലഞ്ച് എന്നിവയും സംഘടിപ്പിച്ചു. പ്രൊഫഷണൽ ബോഡി ബിൽഡർ പീറ്റർ ജോസഫ് ഗ്നാലിയൻ നേതൃത്വം നൽകിയ ഫിറ്റ്നസ് ചലഞ്ചിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് ക്യാഷ് പ്രൈസ് നൽകി.

# വൺനെസ് എൻലൈറ്റ്മന്റ് പ്രോഗ്രാം കുഫോസ് ക്യാംപസിൽ

**കൊച്ചി:** തിരുപ്പതി ആസ്ഥാനമായ വൺനെസ് മൂവ്മെൻറ് സംഘടിപ്പിക്കുന്ന എൻലൈറ്റ്മന്റ് പ്രോഗ്രാം ഒക്ടോബർ 2 ന് വൈകിട്ട് മൂന്ന് മണിക്ക് കുഫോസ് ക്യാംപസിൽ നടക്കും. വൺനെസ് മൂവ്മെൻറ് സഹ സ്ഥാപകൻ മുക്തി ഗുരു ശ്രീ കൃഷ്ണാജി നേതൃത്വം നൽകും. ഏകതയിലൂടെയും സമാധാനത്തിലൂടെയും മാനവികത ഉയർത്തുക എന്ന ലക്ഷ്യത്തിൽ പ്രവർത്തിക്കുന്ന കൂട്ടായ്മയാണ് വൺനെസ് മൂവ്മെൻറ്. നാല് മണിക്കൂർ നീളുന്ന പരിപാടിയിൽ മുക്തി ഗുരുക്കളുമായി നേരിട്ടുള്ള ആശയവിനിമയം, സമാധാനത്തിനായുള്ള പ്രാർഥന എന്നിവയുണ്ടാകും. ശ്രീ പ്രീതാജിയും ശ്രീ കൃഷ്ണാജിയും ചേർന്ന് എഴുതിയ പുസ്തകത്തിന്റെ മലയാള പരിഭാഷയായ 'നാല് പവിത്ര രഹസ്യങ്ങൾ' ചടങ്ങിൽ ജസ്റ്റിസ്. നഗരേഷ് പ്രകാശനം ചെയ്യും. 2018 ൽ എഴുതിയ പുസ്തകം ഇതിനകം 12 ഭാഷയിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.
വൺനെസ് എൻലൈറ്റ്മന്റ് പരിപാടിയിൽ ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, കുഫോസ് വൈസ് ചാൻസലർ ഡോ.ടി പ്രദീപ്കുമാർ, ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ എന്നിവർ പങ്കെടുക്കും.




## കീർത്തിലാൽസ് ഡയറക്ടർ സൂരജ് ശാന്തകുമാർ ജിജെഎസ് ജ്വല്ലറി ഇൻഡസ്ട്രി ഐക്കൺ

**കൊച്ചി:** ഇന്ത്യ ജെം ആൻഡ് ജ്വല്ലറി ഷോ (ജിജെഎസ്)യുടെ ജിജെഎസ് നൈറ്റിൽ കീർത്തിലാൽസ് ഡയറക്ടർ സൂരജ് ശാന്തകുമാർ ഓൾ ഇന്ത്യ ജെം ആൻഡ് ജ്വല്ലറി ഡൊമസ്റ്റിക് കൗൺസിൽ (ജിജെസി) നൽകുന്ന ജ്വല്ലറി ഇൻഡസ്ട്രി ഐക്കൺ 2024 അവാർഡ് നേടി. മുംബൈയിലെ ജിയോ കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ ജിജെസി ഡയറക്ടർമാരായ അശോക് കുമാർ ജയിൻ, സമർ കുമാർ , സഹിൽ മെഹ്റ, ആഷിഷ് കോത്താരി, ജ്യൂവൽ ട്രെൻഡ്സ് എംഡി ഗോവിന്ദ വർമ എന്നിവരിൽ നിന്ന് കീർത്തിലാൽസ് ഡയറക്ടർ സൂരജ് ശാന്തകുമാർ അവാർഡ് ഏറ്റുവാങ്ങി. ഇതിനു പുറമെ നാഷണൽ ജ്വല്ലറി അവാർഡഡ്സ് 2024ൽ സ്റ്റോർ ഓഫ് ദി ഇയർ (സൗത്ത്) അവാർഡ് ഹൈദരാബാദ് ഗച്ചിബൗളിയിലെ ഷോറൂം, റിംഗ് ഓഫ് ദി ഇയർ തീം ബേസ്ഡ് ഡിസൈൻ, ബ്രൈഡൽ ജ്വല്ലറി ഓഫ് ദി ഇയർ (കളർ സ്റ്റോൺ) എന്നീ അവാർഡുകളും കീർത്തിലാൽസ് നേടി.



## നെസ്റ്റ് ഗ്രൂപ്പ് എം.ഡി ഡോ. എൻ ജഹാംഗീറിന് പുരസ്കാരം

കൊച്ചി നെസ്റ്റ് ഗ്രൂപ്പ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ ഡോ. എൻ ജഹാംഗീറിന് കൊച്ചിൻ ടെക്നോപോളിസിൻറെ റോട്ടറി വൊക്കേഷണൽ എക്സലൻസ് പുരസ്കാരം നൽകി. റോട്ടറി കൊച്ചിൻ ടെക്നോപോളിസിൻറെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'പൂവിളി' സീസൺ 5 ഓണാഘോഷങ്ങളുടെ ഭാഗമായി കളമശ്ശേരി സാമ്ര ഇൻറർനാഷണൽ കൺവെൺ ഷൻ സെൻററിൽ വെച്ച് സംഘടിപ്പിച്ച പരിപാടിയിൽ റോട്ടറി ഡിസ്ട്രിക് ഗവർണ്ണർ ഞരി.സുന്ദരവടിവേലു അദ്ദേഹത്തിന് പുരസ്കാരം സമർപ്പിച്ചു.സാമൂഹിക മാറ്റത്തിനുതകുന്ന തരത്തിൽ നെസ്റ്റ് ഗ്രൂപ്പിനെ നയിക്കുകയും അതിലൂടെ അനേകായിരം പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടി നടത്തിയ സേവനങ്ങൾ മാനിച്ചാണ് ഈ പുരസ്കാരമെന്ന് സുന്ദരവടിവേലു ചടങ്ങിൽ പറഞ്ഞു. റോട്ടറിയുടെ ഏറ്റവും വലിയ ബഹുമതി ആയ ഹോണററി മെമ്പർഷിപ്പും, റോട്ടറി ഇൻറർനാഷണൽ മെമ്പർഷിപ്പും ഡോ എൻ ജഹാൻഗിറിനു ചടങ്ങിൽ വെച്ച് നൽകി.റോട്ടറി കൊച്ചിൻ ടെക്നോപോളിസിൻറെ 'പൂവിളി' ഓണാഘോഷങ്ങളും നടന്നു. പരിപാടിയിൽ റോട്ടറിയുടെ ഇരുന്നൂറോളം ക്ലബുകളിൽ നിന്നായി രണ്ടായിരത്തോളം പേർ പങ്കെടുത്തു.റോട്ടറി നിയുക്ത ഗവർണർ ഞരി. ഡോ. ജി എൻ രമേശ്, റോട്ടറി ഗവർണർ ഞരി. ജോഷി ചാക്കോ, മുൻ ഗവർണർമാരായ ഡോ. അജയ് കുമാർ, വേണുഗോപാൽ, റോട്ടറി ഡിസ്ട്രിക്ട് ഭാരവാഹികൾ, ക്ലബ് പ്രസിഡൻറ്മാർ, മറ്റ് പ്രമുഖരും പങ്കെടുത്തു.

## എൻഫോഴ്സ്മെന്റ് നടപടിയുമായി കാസിയോ

**കൊച്ചി:** ഇന്ത്യൻ വിപണിയിൽ കാസിയോയുടെ വ്യാജ ഉൽപ്പന്നങ്ങൾ വ്യാപകമായി പ്രചരിക്കുന്ന സാഹചര്യത്തിൽ ജപ്പാൻ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന കാസിയോ കമ്പ്യൂട്ടർ കമ്പനി എൻഫോഴ്സ്മെന്റ് നടപടി ആരംഭിച്ചു. കാസിയോ ഇന്ത്യ എന്ന പാരന്റ് കമ്പനിയുടെ നേതൃത്വത്തിലാണ് തങ്ങളുടെ ഐപി എൻഫോഴ്സ്മെന്റ് നയത്തിന്റെ ഭാഗമായി കേരള കസ്റ്റംസ് പ്രിവന്റീവ്, കേരള പൊലീസ് എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പരിശോധന നടത്തി



# ബിജിഎംഐ പ്രോ സീരീസ്: എക്സ് സ്പാർക്കിന് കിരീടം

**കൊച്ചി:** കൊച്ചിയിൽ നടന്ന ബാറ്റിൽഗ്രൗണ്ട് മൊബൈൽ ഇന്ത്യയുടെ പ്രോ സീരീസ് 2024 ഫൈനലിൽ കിരീടം ചൂടി എക്സ് സ്പാർക്ക്. അങ്കമാലിയിലെ അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ മൂന്ന് ദിവസങ്ങളിലായി നടന്ന ഇസ്പോർട്സ് ഫൈനലിൽ നുമേൻ ഗെയിമിങ് രണ്ടാം സ്ഥാനവും ഗോഡ്‌ലൈക് മൂന്നാം സ്ഥാനവും നേടി. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രൊഫഷണൽ ബിജിഎംഐ കളിക്കാർ അടങ്ങുന്ന 16 ടീമുകളാണ് മത്സരത്തിൽ പങ്കെടുക്കുത്തത്. 75 ലക്ഷം രൂപയാണ് ഒന്നാം സ്ഥാനകാർക്കുള്ള സമ്മാനത്തുക. മൊത്തം 2 കോടി രൂപയുടെ സമ്മാനങ്ങളാണ് വിജയികൾ നേടിയത്.മൂന്നു ദിവസങ്ങളായി നടന്ന മത്സരങ്ങളിൽ നിന്നുള്ള ആകെ സ്കോറുകൾ കണക്കാക്കിയാണ് വിജയികളെ തീരുമാനിച്ചത്. ഫൈനൽ മത്സരം 2,500ലേറെ പേർ നേരിട്ടും 4.7 ലക്ഷത്തോളം പേർ ഓൺലൈനിലും കണ്ടു.

# ഫുഡ് ആന്റ് ഹോസ്പിറ്റാലിറ്റി എക്സ്പോ മൂന്നു മുതൽ കലൂരിൽ

**കൊച്ചി:** കേരളത്തിലെ തന്നെ ഏറ്റവും വലിയ ഫുഡ് ആന്റ് ഹോസ്പിറ്റാലിറ്റി എക്സ്പോ ഒക്ടോബർ മൂന്നു മുതൽ 5 വരെ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം പരിസരത്ത് നടക്കും. കേരളത്തിലെ ഹോട്ടൽ & റെസ്റ്റോറന്റ്, കാറ്ററിംഗ്, ബേക്കറി, ഫുഡ് പ്രൊസസിംഗ് മേഖലയിലെ സംരംഭകർക്കും, ഈ മേഖലയിലേക്ക് കടന്നു വരാനുദ്ദേശിക്കുന്നവർക്കും നവീനവും, ലളിതവുമായ യന്ത്ര സാമഗ്രികൾ, മികച്ച സാങ്കേതിക വിദ്യ, സോഫ്റ്റ്വെയറുകൾ, ആപ്പുകൾ, കൺസൾട്ടൻസി സംവിധാനം തുടങ്ങിയവ ഒരു കുടക്കീഴിൽ ലഭിക്കുന്ന ബിടുബി പ്രദർശനമാണ് മൂന്നു ദിവസമായി നടത്തപ്പെടുന്നത്.

കേരള ഹോട്ടൽ ആന്റ് റെസ്റ്ററന്റ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ജി ജയപാൽ, കാറ്ററിംഗ് അസോസിയേഷൻ പ്രസിഡന്റ് പ്രിൻസ് എന്നിവർ ചേർന്ന് ഒക്ടോബർ മൂന്നിന് പ്രദർശനം ഉദ്ഘാടനം ചെയ്യും. കേരളത്തിനകത്തും, പുറത്തു നിന്നുമായി അമ്പതിൽപരം കമ്പനികളാണ് പ്രദർശനത്തിന്റെ ഭാഗമാകുന്നത്. 65 ലേറെ സ്റ്റാളുകളിലായി സംഘടിപ്പിക്കുന്ന എക്സ്പോ കേന്ദ്ര മൈക്രോ, സ്മോൾ ആന്റ് മീഡിയം എന്റർപ്രസസിന്റെ സഹകരണത്തോടെ ഒരുക്കുന്നത് തന്ത്ര മീഡിയ ഇവന്റ്സ് ആണ്. രാവിലെ 10.30 മുതൽ വൈകുന്നേരം 6 മണി വരെ പൊതു ജനങ്ങൾക്ക് സൗജന്യ പ്രദർശനം ഉണ്ടാകും.

# ചാറ്റ്ബോട്ടിന്റെ സേവനം ലഭ്യമാക്കാൻ ഫെഡറൽ ബാങ്ക്

**കൊച്ചി:** ഫെഡറൽ ബാങ്കിന്റെ വെർച്വൽ അസിസ്റ്റാന്റായ ഫെഡിയുടെ സേവനം വിവിധ ഭാഷകളിൽ ലഭ്യമാക്കുന്നതിന് എഐ അധിഷ്ഠിത ഭാഷാ വിവർത്തന സംവിധാനമായ ഭാഷിണിയും ഫെഡറൽ ബാങ്കും തമ്മിൽ ധാരണയിലെത്തി.

ഇതോടെ ഇംഗ്ലീഷിനു പുറമെ മലയാളം, ഹിന്ദി, ബംഗാളി, തമിഴ്, തെലുങ്ക്, മറാഠി,ഗുജറാത്തി, കന്നട, ഒഡിയ, ആസ്സാമീസ്, പഞ്ചാബി, ഉറുദു, മണിപ്പൂരി, ബോഡോ എന്നീ പതിനാലു ഭാഷകളിൽ ഫെഡിയുടെ സേവനം ലഭിക്കും. പ്രാദേശിക ഭാഷകളിൽ ബാങ്കിംഗ് സേവനം പ്രോത്സാഹിപ്പിക്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇന്നൊവേഷൻ ഹബ്ബ് (ആർബിഐഎച്ച്) തുടക്കമിട്ട പ്രാദേശിക ഭാഷാ സംരംഭത്തിന്റെ ഫലമായാണ് ഈ പങ്കാളിത്തമെന്ന് ഫെഡറൽ ബാങ്ക് അറിയിച്ചു. ഫെഡറൽ ബാങ്കിന്റെ ഉൽപന്നങ്ങളെയും സേവനങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ രാജ്യവ്യാപകമായി ഇടപാടുകാരിലേക്ക് എത്തിക്കുന്നതിന് ഭാഷിണിയുമായുള്ള സഹകരണത്തിലൂടെ സാധ്യമാകുമെന്ന് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ പറഞ്ഞു. 'ഇടപാടുകാർക്ക് നൂതന ബാങ്കിങ് സേവനം നൽകുന്നതിൽ എന്നും മുൻപന്തിയിലുള്ള ഫെഡറൽ ബാങ്കിന്റെ ഉപഭോക്തൃ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്താൻ ഈ സഹകരണത്തിലൂടെ സാധിക്കും. പ്രാദേശിക ഭാഷാ പിന്തുണ ലഭിക്കുന്നതിലൂടെ ഫെഡിയുടെ സേവനം കൂടുതൽ കാര്യക്ഷമമാകും.' ശാലിനി വാര്യർ അഭിപ്രായപ്പെട്ടു.




# ഒളിമ്പിക്സ്, പാരാലിമ്പിക്സ് ജേതാക്കൾക്ക് ആദരവുമായി നിതാ അംബാനി

**മുംബൈ:** നിത അംബാനിയുടെ നേതൃത്വത്തിൽ മുംബൈയിലെ ആന്റിലിയയിൽ നടന്ന യുണൈറ്റഡ് ഇൻ ട്രയംഫ് ഇന്ത്യൻ കായിക ചരിത്രത്തിൽ നാഴികക്കല്ലായി. ആദ്യമായി 140ലധികം ഒളിമ്പിക്, പാരാലിമ്പിക് അത്‌ലറ്റുകൾ ഒത്തുകൂടിയ സായാഹ്നം കായിക ലോകത്തെ സമത്വവും മികവും ആഘോഷിക്കുന്നതായി മാറി.ഇത് ചരിത്രപരമാണെന്നും കഴിഞ്ഞ രണ്ട് മാസത്തിനിടയിൽ, നമ്മുടെ ഒളിമ്പ്യൻമാരും പാരാലിമ്പ്യൻമാരും അഭിമാനത്തോടെ ത്രിവർണ്ണ പതാക ലോകത്തിനു മുന്നിലേക്ക് ഉയർത്തിയെന്നും ചടങ്ങിൽ നിതാ അംബാനി പറഞ്ഞു

പ്രൊഫഷണൽ കായികരംഗത്ത് സ്ത്രീകൾ നേരിടുന്ന ബുദ്ധിമുട്ടുകൾ കാരണം അവരുടെ വിജയങ്ങൾ കൂടുതൽ സവിശേഷമാണ്. സാമ്പത്തിക വെല്ലുവിളികൾ മാത്രമല്ല, കുടുംബാംഗങ്ങളിൽ നിന്ന് അനുമതി നേടുക, പരിശീലനത്തിനുള്ള സൗകര്യങ്ങൾ കണ്ടെത്തുക, കോച്ചിലെത്താൻ ഗ്രാമങ്ങളിൽ നിന്ന് ഒരുപാട് ദൂരം യാത്ര ചെയ്യേണ്ടി വരുന്നതെല്ലാം അവർ അതിജീവിക്കേണ്ടി വരുന്നു. സ്പോർട്സിൽ അംഗീകാരം നേടുന്നതിന് പെൺകുട്ടികൾക്ക് ദീർഘവും ബുദ്ധിമുട്ടുള്ളതുമായ യാത്രയാണിത്. അങ്ങനെയാണെങ്കിലും, നമ്മുടെ വനിതാ കായികതാരങ്ങൾ വിജയത്തിന്റെ കൊടുമുടിയിൽ എത്തിയിരിക്കുന്നു.തങ്ങൾ തടയാൻ കഴിയാത്തവരാണെന്നും തങ്ങൾക്ക് ഒന്നും അസാധ്യമല്ലെന്നുമുള്ള സന്ദേശമാണിതെന്നും നിതാ അംബാനി പറഞ്ഞു.ഒളിമ്പിക്സ്, പാരാലിമ്പിക്സ് മെഡൽ ജേതാക്കളായ നീരജ് ചോപ്ര, മനു ഭാക്കർ, ഇന്ത്യയുടെ ആദ്യ പാരാലിമ്പിക്സ് സ്വർണമെഡൽ ജേതാവായ മുരളികാന്ത് പേട്കർ എന്നിവർക്കൊപ്പം രണ്ട് പാരാലിമ്പിക്സ് സ്വർണം നേടിയ ആദ്യ ഇന്ത്യക്കാരനും പാരാലിമ്പിക് കമ്മിറ്റി ഓഫ് ഇന്ത്യയുടെ പ്രസിഡന്റുമായ ദേവേന്ദ്ര ജജാരിയ,പാരീസ് 2024 പാരാലിമ്പിക് ഗെയിംസ് വിജയികളായ സുമിത് ആന്റിൽ, നിതേഷ് കുമാർ, ഹർവീന്ദർ സിംഗ്, ധരംബീർ നൈൻ, നവദീപ് സിംഗ്, പ്രവീൺ കുമാർ എന്നിവരും എന്നിവരും ഉൾപ്പെടുന്നു.

പ്രീതി പാൽ, മോന അഗർവാൾ,സിമ്രാൻശർമ,ദീപ്തി ജീവൻജി, ഒളിമ്പ്യൻമാരായ സരബ്ജോത് സിംഗ്, സ്വപ്നിൽ കുസാലെ, അമൻ സെഹ്‌രാവത് എന്നിവരുൾപ്പെടെ മറ്റ് പ്രമുഖ അത്‌ലറ്റുകളും പരിപാടിയിൽ പങ്കെടുത്തു. പാരീസിൽ മെഡൽ നേടിയ ഇന്ത്യൻ പുരുഷ ഹോക്കി ടീമിനെ പ്രതിനിധീകരിച്ച് ക്യാപ്റ്റൻ ഹർമൻപ്രീത് സിംഗ്, പിആർ ശ്രീജേഷ്, ഒളിമ്പിക്സ് മെഡൽ ജേതാവ് ലോവ്ലിന ബോർഗോഹെയ്ൻ, 14 വയസ്സുള്ള ഇന്ത്യൻ സംഘത്തിലെ ഏറ്റവും പ്രായം കുറഞ്ഞ അംഗമായ ധിനിധി ദേശിംഗു എന്നിവരും പങ്കെടുത്തു.

# ബ്രാവിയ ടെലിവിഷനുകളിൽ സിനിമ ഈസ് കമിംഗ് ഹോം

**കൊച്ചി:** സോണി ഇന്ത്യ ബ്രാവിയ ടെലിവിഷനുകളിൽ സിനിമ ഈസ് കമിംഗ് ഹോം എന്ന ആശയം അവതരിപ്പിച്ചു. വീട്ടിലിരുന്ന് തന്നെ മെച്ചപ്പെടുത്തിയ ചിത്രശബ്ദ നിലവാരത്തിൽ ഒരു മാസ്മരിക സിനിമാറ്റിക് അനുഭവമാണ് സിനിമ ഈസ് കമിംഗ് ഹോം വാഗ്ദാനം ചെയ്യുന്നതെന്ന് സോണി ഇന്ത്യ മാനേജിങ് ഡയറക്ടർ സുനിൽ നയ്യാർ പറഞ്ഞു. ചലച്ചിത്ര നിർമാതാവ് എസ്.എസ് രാജമൗലിയുടെ സിനിമാ കാഴ്ചപ്പാടിന് അനുസൃതമായാണ് സോണി ഇന്ത്യ വിപ്ലവകരമായ ഈ ആശയം അവതരിപ്പിച്ചത്. പ്രേക്ഷകരെ അവരുടെ സ്വന്തം സ്വീകരണമുറിയിൽ സിനിമയുടെ മാന്ത്രികതയോടും വികാരത്തോടും പൂർണമായും ഇടപഴകാൻ ബ്രാവിയ ടെലിവിഷനുകൾ കാഴ്ചക്കാരെ പ്രാപ്തരാക്കും.

2024 സാമ്പത്തിക വർഷം പുറത്തിറങ്ങിയ പുതിയ ബ്രാവിയ 9, 8, 7, 3 സീരീസുകൾ വലിയ സ്ക്രീനിലെ മാന്ത്രികത ലിവിങ് റൂമുകളിലേക്ക് കൊണ്ടുവരുന്ന തരത്തിലാണ് സോണി രൂപകൽപന ചെയ്തിരിക്കുന്നത്. പുതുതായി അവതിരിപ്പിച്ച ബ്രാവിയ തിയേറ്റർ ബാർ 8, ബ്രാവിയ തിയേറ്റർ ബാർ 9, ബ്രാവിയ തിയേറ്റർ ക്വാഡ് എന്നിവയുമായി യോജിപ്പിക്കുമ്പോൾ ഹോം എന്റർടൈൻമെന്റ് സിസ്റ്റത്തിൽ ഇതുവരെ കണ്ടിട്ടില്ലാത്ത സിനിമാറ്റിക് അനുഭവമായിരിക്കും ഉപഭോക്താക്കൾക്ക് ലഭിക്കുക.തിരഞ്ഞെടുത്ത ബ്രാവിയ ടെലിവിഷനുകൾക്ക് 3 വർഷത്തെ സമഗ്ര വാറന്റി, 25,000 രൂപ വരെ ഉടൻ ക്യാഷ്ബാക്ക്, തിരഞ്ഞെടുത്ത ബ്രാവിയ ടെലിവിഷനുകളിൽ സൗജന്യ ഇഎംഐ, ടെലിവിഷനുകൾക്കും സൗണ്ട്ബാറുകൾക്കും 2,995 രൂപ മുതൽ ആരംഭിക്കുന്ന സിംഗിൾ കോംബോ ഇഎംഐ സ്കീം, ബ്രാവിയ തിയേറ്റർ സൗണ്ട്ബാർ കോംബോയ്ക്കൊപ്പം തിരഞ്ഞെടുത്ത ബ്രാവിയ ടെലിവിഷനുകൾ വാങ്ങുമ്പോൾ 64,990 രൂപ കിഴിവ് എന്നീ ഓഫറുകളും സോണി ഇന്ത്യ അവതരിപ്പിച്ചിട്ടുണ്ടെന്നും സുനിൽ നയ്യാർ പറഞ്ഞു.

# കരുനാഗപ്പള്ളിയിൽ ഏഥർ എനർജി എക്സ്പീരിയൻസ് സെന്റർ തുറന്നു

**കൊച്ചി:** ആതർ എനർജി കരുനാഗപ്പള്ളി വവ്വാക്കാവിലെ പ്രണവം ആർക്കേഡിൽ സ്ഥിതി ചെയ്യുന്ന ഏറ്റവും പുതിയ എക്സ്പീരിയൻസ് സെന്റർ ആരംഭിച്ചു. എക്സ്പീരിയൻസ് സെന്ററിൽ, ആതറിന്റെ 450 സീരീസ് പെർഫോമൻസ് സ്കൂട്ടറുകളും ഏതറിന്റെ ആദ്യത്തെ ഫാമിലി സ്കൂട്ടറായ റിസ്റ്റയും ഉൾപ്പെടെ, ആതർ സ്കൂട്ടറുകൾ പരീക്ഷിക്കാം.

# ഫ്ളിപ്പ്കാർട്ടിന്റെ ബിഗ് ബില്യൺ ഡേയ്സിന് തുടക്കമായി

**തിരുവനന്തപുരം :** ഇകൊമേഴ്സ് മാർക്കറ്റ് പ്ലേസ് ആയ ഫ്ളിപ്പ്കാർട്ട് ഉത്സവ സീസണോടനുബന്ധിച്ച് നടത്തുന്ന ബിഗ് ബില്യൺ ഡേയ്സിന് തുടക്കമായി. ഫ്ളിപ്കാർട്ട് വിഐപിക്കും പ്ലസ് ഉപഭോക്താക്കൾക്കും സെപ്തംബർ 26ന് ആരംഭിച്ച നേരത്തെയുള്ള ആക്സസിൽ 33 കോടിയിലധികം ഉപഭോക്താക്കൾ ഫ്ളിപ്പ്കാർട്ടിൽ സന്ദർശനം രേഖപ്പെടുത്തി. മൊബൈൽ, ഫുഡ് ആൻഡ് ന്യൂട്രീഷൻ, ഗ്രൂമിംഗ് വിഭാഗങ്ങളിൽ വർദ്ധിച്ചുവരുന്ന ഡിമാൻഡാണ് കാണപ്പെട്ടത്. ഈ വർഷം ആദ്യ 12 മണിക്കൂറിൽ ഏറ്റവും കൂടുതൽ വിറ്റഴിഞ്ഞത് ഇലക്ട്രോണിക്സ്, ലാപ്ടോപ്പുകൾ, കമ്പ്യൂട്ടറുകൾ, ടാബ്ലെറ്റുകൾ, ഡെസ്ക്ടോപ്പ് ആക്സസറികൾ എന്നിവയായിരുന്നു.വിപണിയിലെ 75% വിൽപനക്കാരും ഉത്സവത്തിനു മുമ്പുള്ള കാലയളവിനെ അപേക്ഷിച്ച് ഓർഡറുകളിൽ ഒന്നിലധികം മടങ്ങ് വളർച്ച കൈവരിച്ചു. .ഈ വർഷം, വിൽപനക്കാർക്കും ബ്രാൻഡുകൾക്കുമായി പരമാവധി മൂല്യം വർധിപ്പിക്കുന്നതിനും, ലക്ഷക്കണക്കിന് എംഎസ്എംഇകൾ, കരകൗശല തൊഴിലാളികൾ, കിരാന പങ്കാളികൾ, വിശാലമായ ആവാസവ്യവസ്ഥ എന്നിവയ്ക്കും പ്രയോജനം ചെയ്യുന്നതിലാണ് ബിഗ് ബില്ല്യൺ ഡേയ്സ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

# എച്ച്ഡിഎഫ്സി ബാങ്ക് 400 ാമത്തെ ശാഖ ആരംഭിച്ചു

**കൊച്ചി:** എച്ച്ഡിഎഫ്സി ബാങ്ക്, സംസ്ഥാനത്തെ ബ്രാഞ്ച് ശൃംഖലയെ ശക്തിപ്പെടുത്തിക്കൊണ്ട് കേരളത്തിലെ കൊച്ചി ഇൻഫോപാർക്കിലെ വിസ്മയയിൽ 400ാമത്തെ ശാഖ ആരംഭിച്ചു. എച്ച്ഡിഎഫ്സി യുടെ കർണാടക, കേരള ബ്രാഞ്ച് ബാങ്കിംഗ് ഹെഡ് അഹമ്മദ് സക്കറിയയുടെ സാന്നിധ്യത്തിൽ ഇൻഫോപാർക്ക് സിഇഒ സുശാന്ത് കുറുന്തിലും ടാറ്റ കൺസൾട്ടൻസി സർവീസ് കേരള ഹെഡ്&വിപി ദിനേശ് പി തമ്പിയും സംയുക്തമായാണ് പുതിയ ശാഖ ഉദ്ഘാടനം ചെയ്തത്.

